കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൊഴുതന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്,

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-862/18

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

തീയതി.07/01/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

പൊഴുതന ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൊഴുതന ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2017-18. സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1. ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-862/18

തീയതി.07/01/2018

വയനാട് ജില്ലയിലെ പൊഴുതനഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട്

ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പൊഴുതനഗ്രാമപഞ്ചായത്തിന്റെ 2017-18.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2017 മുതൽ 23.9.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

2018 ഓഗസ്റ്റ് മാസത്തിൽ കേരളത്തിൽ സംഭവിച്ച പ്രളയത്തിലും ഉരുൾപൊട്ടലുകളിലും മണ്ണിടിച്ചിലിലും ഏറ്റവും ഭീകരമായ നാശനഷ്ടങ്ങൾ നേരിട്ട ഒരു പഞ്ചായത്ത് ആണ് പൊഴുതന.ഓഡിറ്റ് തുടങ്ങി 2 ദിവസങ്ങൾക്കുശേഷം പ്രകൃതിക്ഷോഭം മൂലം ഓഡിറ്റ് ക്യാമ്പ് നിർത്തിവെക്കേണ്ടിവരികയും പിന്നീട് ഒരു മാസത്തിനുശേഷം ഓഡിറ്റ് പൂർത്തീകരിക്കേണ്ടി വരികയും ചെയ്തു. 3 സ്കൂളുകൾ ,835 വീടുകൾ എന്നിവ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും തകരുകയും പഞ്ചായത്തിലെ 13 വാർഡുകളിലും വലിയ തോതിൽ നാശനഷ്ടങ്ങൾ വരുകയും ചെയ്തു.പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളായ പി.എച്ച്.സി ,ഹോമിയോ ഡിസ്പെൻസറി , വെറ്റിനറി ഡിസ്പെൻസറി,കൃഷി ഭവൻ എന്നിവിടങ്ങളിൽ ഒരുപാട് നാശനഷ്ടങ്ങൾ നേരിട്ടു.പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് 2017-18 വർഷത്തെ ഒരു ഫയൽ പോലും ഓഡിറ്റിന് ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി.വസന്ത. പി.എസ്.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.8.18മുതൽ<br>8.8.18 വരെയും<br>24.9.18 മുതൽ 01.10.18 വരെയും |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.എസ്.അജിത്ത്<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. നവാസ്. കെ.എം.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിന്ദു. കെ.കെ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കെ.വി.ഡേവിഡ്.<br>അസി.ഓഡിറ്റ് ഓഫീസർ |
| | കുമാരി.ടി.കെ.ലത<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എൻ.സി. പ്രസാദ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി. എ. ഇന്ദിര | 01.04.2017 മുതൽ<br>31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീ. അപ്പച്ചൻ | 01.04.2017 മുതൽ<br>31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി. സന്ധ്യ കെ. എം. | 01.04.2017 മുതൽ<br>31.03.2018 വരെ |

| | | |
|---|---|---|
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീ. ജയിംസ് മങ്കുത്തേൽ | 01.04.2017 മുതൽ<br>31.03.2018 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. പ്രദീപൻ സി. പി. | 01.04.2017 മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ. സുഷമ പി.എസ്. | 01.04.2017 മുതൽ<br>31.03.2018 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. സ്മിത | 01.04.2017 മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അഷിത എ. കെ. | 01.04.2017 മുതൽ<br>31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. സീന.കെ.എം | 01.04.2017 മുതൽ<br>31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആരണ്യ. കെ | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ബാവ.സി.കെ | 01.04.2017 മുതൽ<br>7.8.17 വരെ |
| | ശ്രീമതി.ഹഫ്സ.സി.കെ | 08.08.2017 മുതൽ<br>31.03.2018 വരെ |
| അസി .എഞ്ചിനീയർ | ശ്രീ. അബ്ദുൾ നാസർ.റ്റി | 01.04.2017 മുതൽ<br>21.6.17 വരെ |
| | ശ്രീ.വി.ജി.ബിജു | 22.6.2017 മുതൽ<br>31.03.2018 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ശ്യാമള | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 28/02/2018 വരെ |
| | ശ്രീ.ജനാർദ്ധനൻ | 28/02/2018 മുതൽ<br>31.03.2018 വരെ |
| വി ഇ ഒ | ശ്രീ. സജീന്ദ്ര കുമാർ .കെ | 01.04.2017 മുതൽ 31.03.2018 വരെ |
| ടി.ഇ.ഒ | ശ്രീ. ശ്രീനാഥ് | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | വിവരണം | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പുപദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | നിർവ്വഹണ നിരീക്ഷണം | 1-12 |
| 13 | ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലെ വിഷയങ്ങൾ | 2-1 |
| 14 | രശീത് പിരിവ് -സൂപ്പർവിഷൻ നടക്കുന്നില്ല | 2-2 |
| 15 | തനത് അക്കൌണ്ട്-രണ്ട് അക്കൌണ്ടുകൾ സൂക്ഷിക്കുന്നു | 2-3 |
| 16 | നിർവഹണോദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്ത് ഉപയോഗിക്കുന്ന | 2-4 |

| | | |
|---|---|---|
| | അതേ രശീതുകൾ | |
| 17 | ഹെഡ് മാറി തുക അക്കൌണ്ട് ചെയ്തു | 2-5 |
| 18 | ബിൽഡിംഗ് പെർമിറ്റ് -സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല | 2-6 |
| 19 | വാടകപിരിവ് -അപാകങ്ങൾ | 2-7 |
| 20 | മൊബൈൽ ടവർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-8 |
| 21 | കെട്ടിടനിർമ്മാണം ,ഡി &ഒ ലൈസൻസ് | 2-9 |
| | ഭാഗം -3 | |
| 22 | പദ്ധതിരൂപീകരണം ,ആസൂത്രണം മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമല്ല | 3-1 |
| 23 | വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ | 3-2 |
| 24 | പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പും പദ്ധതി നിർവ്വഹണവും | 3-3 |
| 25 | ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-4 |
| 26 | ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. | 3-5 |
| 27 | അസാധുവായ ടെണ്ടർ അംഗീകരിച്ച് പ്രോജക്ട് നടപ്പിലാക്കി. | 3-6 |
| 28 | പൊളിച്ചുമാറ്റിയ സാമഗ്രികൾ സ്റ്റോക്കിലില്ല. | 3-7 |
| 29 | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ-നടപ്പാക്കുന്നതിൽ വീഴ്ച | 3-8 |
| 30 | അഗതി-ആശ്രയ പദ്ധതി-നല്കിയ തുക ചെലവഴിച്ചില്ല | 3-9 |
| 31 | അങ്കണവാടികളുടെ അടിസ്ഥാനസൌകര്യങ്ങൾ പര്യാപ്തമല്ല | 3-10 |
| 32 | ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 3-11 |
| 33 | ഫണ്ട് വിനിയോഗം ക്രമപ്രകാരമല്ല. | 3-12 |
| 34 | എസ്.ടി.വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം- രേഖകൾ ഹാജരാക്കിയില്ല. | 3-13 |
| 35 | അങ്കണവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങിയത്- സാധനങ്ങൾ സപ്ലൈ ചെയ്യാതെ തുക നൽകി. | 3-14 |

| | | |
|---|---|---|
| 36 | റ്റി.ആർ.ഡി.എം.ഭവനനിർമ്മാണം-പൂർണ്ണവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 3-15 |
| 37 | പി.എം.എ.വൈ - പദ്ധതിക്കായി തുക ചെലവഴിച്ചത് - രേഖകൾ ഹാജരാക്കിയില്ല. | 3-16 |
| 38 | മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്തില്ല | 3-17 |
| 39 | ജലനിധി പദ്ധതി-പൂർത്തീകരിച്ചില്ല. | 3-18 |
| 40 | തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് തുക നൽകി-പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-19 |
| 41 | ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ കൈകാര്യം ചെയ്തതിൽ അപാകത | 3-20 |
| | ഭാഗം-4 | |
| 42 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 50 | സാക്ഷ്യപത്രം | D |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം

നൽകിയതായോ അപ്രകാരം നികുതി നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.സെക്രട്ടറി ,വിവിധ ഓഫിസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തിട്ടില്ല. (കേ.പ.രാ.നിയമം വകുപ്പ് 214(1)).ഇതു മൂലം ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെയും അനിവാര്യ ചുമതലകളിൽപ്പെടുന്ന എല്ലാ മേഖലയിലും ആവശ്യത്തിന് തുക വകയിരുത്താതെയും പോകുന്നു.

28.03.2017 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 20.03.2018 തീയതിയിലെ 21/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 15.05.2018 | 30.04.2018 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11-6-18 | KSA (WYD) P2-537/18 /26-6-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15853897 |
| വരവ് | 93802505 |
| ആകെ | 109656402 |
| ചെലവ് | 88527365 |
| നീക്കിയിരിപ്പ് | 21129037 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17297000 | 17297000 | 15132245 | 2164755 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2664372 | 2664372 | 1976827 | 687545 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 9991021 | 9991021 | 9381313 | 609708 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6192500 | 6192500 | 3484167 | 2708333 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3830337 | 3830337 | 3819089 | 11248 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7445426 | 7445426 | 7316016 | 129410 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 19062355 | 19062355 | 13122613 | 5939742 |
| സാക്ഷരത | | 797 | 848 | 1645 | 824 | 821 |
| ദുരിതാശ്വാസനിധി | | 31077 | 1245 | 32322 | 8000 | 24322 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 55709325 | 55709325 | 55692000 | 23000 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5675 | 2459104 | 2464779 | 2366376 | 98403 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | 0 | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | 0 | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | | | | |
| | ജില്ലാ പഞ്ചായത്ത് | 0 | | | | |
| ബി ഫണ്ട് | | 0 | 123960 | 123960 | 123960 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 873059 | 6327000 | 7200059 | 4822140 | 2377919 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6176174 | 5118117 | 11294291 | 6472151 | 4822140 |
| | ട്രഷറി അക്കൗണ്ട് | 0 | 0 | 0 | 0 | 0 |
| മറ്റിനം | | 0 | 0 | 0 | 0 | 0 |

ജനറൽ പർപ്പസ് ഫണ്ടിന്റെ അക്കൗണ്ടിൽ മറ്റ് തുകകൾ ഉള്ളതിനാൽ നീക്കിയിരിപ്പ് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 90831260 | 144 | 59314499 | 43 | 14 | 72% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5675 | 2440872 | 2446547 | 2347636 | 98911 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 55623764 | 55623764 | 55623764 | |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18960 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 2355500 | 187 |
| വിധവാപെൻഷൻ | 10038900 | 839 |
| വാർദ്ധക്യകാലപെൻഷൻ | 12209900 | 1054 |
| വികലാംഗപെൻഷൻ | 2337900 | 194 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8/8/18 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 220രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.06.18 മുതൽ 4.06.18 വരെ | വിവരങ്ങൾ ലഭ്യമല്ല. | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.11.2010 മുതൽ 20.11.2010 വരെ | 2005-06 മുതൽ 2009-10 വരെ | 11.01.2011 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രവും വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകളും അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-12 നിർവഹണ നിരീക്ഷണം അപാകതകൾ

ആഭ്യന്തിര നിയന്ത്രണം വിലയിരുത്തൽ

ജി ഓ ആർ ടി 1699 /17/lsgd office പ്രകാരമുള്ള മാനേജ്മന്റ് ഫോർ ലോക്കൽ ഗെവേണ്മെന്റ് ഇൻസ്റ്റിട്യൂട്ടിഷൻ 6.5.3 പ്രകാരം ഉള്ള നടപടി സെക്രട്ടറി സ്വീകരിയ്ക്കാത്തതിനാൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഗ്രാമസഭ മീറ്റിംഗുകളിൽ ഭരണസമിതി തീരുമാനങ്ങൾ അവതരിപ്പിച്ചുകാണുന്നില്ല

ഡി ആൻഡ് ഓ ലൈസെൻസ് അപേക്ഷ ലഭിയ്ക്കുമ്പോൾ മാത്രമാണ് തൊഴിൽ നികുതി ഈടാക്കിക്കാണുന്നത്.

<u>കെട്ടിടനിർമാണാനുമതി രജിസ്റ്റർ.</u>

ഡി ആൻഡ് ഓ ലൈസൻസ് രജിസ്റ്റർ പൂർണമായ രേഖപ്പെടുത്തൽ ഇല്ല. 2011 2012 വർഷത്തിൽ ലഭിച്ച 64 കെട്ടിടനിർമാണാനുമതി അപേക്ഷകളിൽ 62 എണ്ണത്തിലും 2017 2018 വർഷത്തിൽ ലഭിച്ച 245 അപേക്ഷകളിൽ 166 എണ്ണത്തിനു മാത്രമാണ് നടപടി സ്വീകരിച്ചു കാണുന്നത്. സോഷ്യൽ ഓഡിറ്റ് നാലാമത്തെ ഗ്രാമസഭയിൽ അവതരിയ്പ്പിച്ചു ചർച്ച ചെയ്തതായി ഗ്രാമസഭാ മിനിട്സിലും കാണുന്നില്ല. ജി.ഒ.പി. 189/95/ ത സ്വ ഭ വാ തീയതി 1995 സെപ്റ്റംബർ 18 പ്രകാരം കൈമാറിക്കിട്ടിയ അംങ്കണവാടികളിൽ ചിലതു ഗ്രാമസഭയുടെ അംഗീകാരമില്ലാതെ

സ്വകാര്യ വ്യക്തിയുടെ കെട്ടിടങ്ങളിൽ നടത്തുന്നതായി കാണുന്നു. കെട്ടിട നിർമാണാനുമതി സംബന്ധിച്ച വിവരം ഓരോ മൂന്ന മാസം കൂടുംതോറും സർക്കാരിന് അയയ്ക്കണമെന്ന പഞ്ചയാത്ത് രാജ് ആക്ട് പാലിച്ചു കാണുന്നില്ല. തദ്ദേശസ്ഥാപനത്തിലെ സമയബന്ധിത നിരീക്ഷണ നിർവഹണം സ്വയം തിരുത്തൽ എന്നിവ ഉദ്ദേശിച്ചാണ് ഇന്ത്യൻ ഭരണഘടനാ 73 ഭേദഗതി/ പ്രകാരം ഭരണഘടനാ ഭാഗംഒമ്പതു/അനുചഛേദം 243 ബി പ്രകാരം ഗ്രാമസഭ രൂപീകരിച്ചത്. തനതു വിഭവ സമാഹരണത്തിൽ പഞ്ചായത്തിനെ സഹായിയ്ക്കുക/സ്ഥാപനവലോകനം നടത്തി പരിഹാരമാർഗം നിർദേശിയ്ക്കുക എന്നിവയും ഗ്രാമസഭ ചെയ്യേണ്ടതാണ്. രജിസ്റ്ററുകൾ കൃത്യമായി എഴുതിസൂഷിയ്ക്കുക/ തൊഴിൽ നികുതി ഡിമാൻഡ് നോട്ടീസുകൾ അയയ്ക്കുക /ട്രേഡേഴ്സ് ലൈസെൻസ് -വ്യാപാരികൾക്കു ലൈസെൻസ് പുതുക്കൽ ഡിമാൻഡ് നോട്ടീസ് അയയ്ക്കുക/ സർക്കാരിന് അയയ്ക്കേണ്ട ത്രൈമാസ കെട്ടിടനിർമാണാനുമതി സംബന്ധിച്ച റിപ്പോർട്ട് അയയ്ക്കുക എന്നീ കാര്യത്തിലും ഗ്രാമസഭകളിൽ ഭരണസമിതി തീരുമാനങ്ങൾ അവതരിപ്പിക്കുന്ന കാര്യത്തിലും കെട്ടിടനിർമാണാനുമതി അപേക്ഷ നൽകിയവർ അനുമതി ഇല്ലാതെ കെട്ടിടം കെട്ടുന്നു എന്നന്വേഷിച്ചു നടപടി എടുക്കുന്നകാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൌണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ,മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്. പുതിയ നികുതിവരവുകൾ കണ്ടെത്തുന്നതിനോ, പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനോ, ലഭിക്കാനുള്ള വാടക പിരിച്ചെടുക്കുന്നതിനോ ഉള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. 2017-18 വർഷത്തിൽ 2 ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുവെങ്കിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ആയത് പരിശോധിക്കുകയോ തുടർനടപടികൾ ശുപാർശ ചെയ്ത് ഭരണസമിതിയ്ക്ക് സമർപ്പിക്കുകയോ ചെയ്തില്ല.

## 2-2 രസീത് പിരിവ്-കൃത്യമായി മേൽനോട്ടം നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 26 (3) പ്രകാരം ബാങ്ക്/ട്രഷറി സ്റ്റേറ്റമെന്റുകൾ ഓരോ മാസാന്ത്യത്തിലും ശേഖരിക്കേണ്ടതും ലഭിച്ച തുകകൾ പൂർണ്ണമായി ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും അക്കൗണ്ടന്റിന്റെ ചുമതലയാണ്. പണം ഒടുക്കിയതിൽ തകരാറുകൾ ഉണ്ടെങ്കിൽ ഉടൻ തന്നെ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

എന്നാൽ പൊഴുതന ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്തിൽ വരവ് വന്ന തുക തനത് അക്കൗണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ കൃത്യമായിവരവ് വരുന്നത് പരിശോധിക്കപ്പെട്ടിട്ടില്ല. മേൽനോട്ടത്തിന്റെ പോരായ്മമൂലം താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1)തനത് വരവ് ബാങ്ക് അക്കൗണ്ടിൽ താമസിച്ച് അടവാക്കി

2011 ലെ കേരള പഞ്ചായത്ത് രാജ് എക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 23 പ്രകാരം ലഭിച്ച തുകകൾ കാഷ്.മണിയോർഡർ,ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകകൾ 500/- രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ ,തൊട്ട് അടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ ട്രഷറി അക്കൗണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിച്ചില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡേ കളക്ഷൻ തീയതി | ഡേ കളക്ഷൻ തുക | ബാങ്കിൽ അടവാക്കിയ തീയതി | തുക |
|---|---|---|---|---|
| 1 | 04/04/2017 | 7430/- | 10/04/2017 | 7430/- |
| 2 | 05/04/2017 | 7790/- | 07/04/2017 | 7790/- |
| 3 | 25/04/2017 | 4326/- | 02/05/2018 | 4326/- |

ഗ്രാമപഞ്ചായത്തിന്റെ തൊട്ട് അടുത്ത് തന്നെയാണ് തനത് അക്കൗണ്ടുള്ള ബാങ്ക് സ്ഥിതി ചെയ്യുന്നത് എന്നിട്ടും തനത് ഇനത്തിൽ വരവ് വന്നിട്ടുള്ള തുക കൃത്യസമയത്ത് അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 2-3 തനത് വരുമാനം നിക്ഷേപിക്കുന്നതിന് 2 ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.

പൊഴുതന ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം അക്കൗണ്ട് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് ഇ-പേയ്മെന്റ് അക്കൗണ്ട് കൂടാതെ കേരള ഗ്രാമീൺബാങ്കിലും (പൊഴുതന ബ്രാഞ്ച് അക്കൗണ്ട് നമ്പർ40229 ) കോപ്പറേറ്റീവ് ബാങ്കിലും ( അക്കൗണ്ട് നമ്പർ 40229100107029-3576 )സൂക്ഷിക്കുന്നു.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 26/05/2011 ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കുന്നത് അഭികാമ്യമല്ല.മേൽ സാഹചര്യത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ,ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ അവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും പ്രതിപാദിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒരു അക്കൗണ്ട് മാത്രം സൂക്ഷിക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-4 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്ത് ഉപയോഗിക്കുന്ന അതേ രസീത് ബുക്കുകൾ നൽകുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ഗ്രാമപഞ്ചായത്തിന്റെ ഔട്ട് ഡോർ കളക്ഷന് നൽകുന്ന രസീതിൽ നിന്ന് വ്യത്യസ്തമായിരിക്കേണ്ടതും, അക്കൌണ്ട്സ് ചട്ടത്തിൽ പറയും പ്രകാരമുള്ള ഫോറത്തിൽ ഉള്ളതുമായരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ച് കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് എക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 20(2)(ബി) (ജി.ഒ.(എം.എസ്) 83/11ത.സ്വ.ഭ.വ തീയതി 28.3.2011) കാണുക.

കൂടാതെ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള LSGD അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഒരു രസീത് ബുക്ക് ഉപയോഗിച്ച് തീരുന്നതിന് മുൻപേ അതേ സാമ്പത്തിക വർഷം തന്നെ (ബുക്ക് നമ്പർ - 43265,43266)അടുത്ത രസീത് ബുക്ക് അനുവദിച്ചിട്ടുണ്ട്. ആദ്യം അനുവദിച്ച രസീത് (43265) ബുക്കിൽ നിന്ന് 2 രസീതുകൾ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ ടെണ്ടർ ഫോറം വിതരണം നടത്തുമ്പോൾ നൽകുന്ന രസീതിൽ ഏത് പ്രവർത്തിചെയ്യുന്നതിനുള്ള ടെണ്ടർ ഫോറമാണ് വിതരണം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന എൽ.എസ്.ജി.ഡി സെക്ഷൻ ടെണ്ടർ ഫോറം വിതരണം നടത്തി തുക ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നത് തൊട്ട് അടുത്ത പ്രവർത്തി ദിവസം മാത്രമാണ്.

മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി ഓഫീസ് മുഖേന നടത്തുന്ന പദ്ധതികളുടെ ടെണ്ടർ നടത്തി ഇ.എം.ഡി അടവാക്കിയതിന് രസീതിന്റെ അസലിന് പകരം പകർപ്പാണ് നൽകിയിട്ടുള്ളത് (രസീത് നമ്പർ 43269/09,10)

സെക്രട്ടറി ഫ്രണ്ട് ഓഫീസ് മുഖേന ടെണ്ടർ ഫോറം വിതരണം നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. രസീത് ബുക്കുകൾ ക്രമ പ്രകാരം വിതരണം നടത്തേണ്ടതും,കേരള പഞ്ചായത്ത് രാജ് എക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 20(2)(ബി) (ജി.ഒ.(എം.എസ്) 83/11ത.സ്വ.ഭ.വ തീയതി 28.3.2011) പാലിക്കേണ്ടതുമാണ്.

## 2-5 ഹെഡ് മാറി തുക അക്കൗണ്ട് ചെയ്തു

വെറ്ററിനറി സർജൻ 43269 നമ്പർ രസീത് ബുക്കിലെ 01,02,04 രസീതുകൾ പ്രകാരം 06/11/2017 ന് ടെണ്ടർഫോറം വിലയായി ആകെ 800/-രൂപയും ജി.എസ്.ടി ഇനത്തിൽ 96/-രൂപയും ഈടാക്കി ഗ്രാമപഞ്ചായത്തിൽ 117010101519 നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുള്ളത് Government payables and dues എന്ന ഹെഡിന് പകരം ഗുണഭോക്തൃവിഹിതം എന്ന ഹെഡിലാണ് ഗ്രാമപഞ്ചായത്തിൽ വരവ് വരുന്ന തുക നിശ്ചിത ഹെഡിൽ തന്നെയാണോ വരവ് വന്നിട്ടുള്ളത് എന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് 28/09.2018 ലെ 22/17-18 /നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് സമയബന്ധിതമായി നിയമപരമായ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് - സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല

2017-18 സാമ്പത്തിക വർഷം പൊഴുതന ഗ്രാമപഞ്ചായത്തിൽ ലഭ്യമായ 245 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ 166 അപേക്ഷകളിൽ മാത്രമാണ് നടപടികൾ സ്വീകരിച്ചതായി ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം ഓഡിറ്റിന് വ്യക്തമാകുന്നത്. മറ്റ് അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ (19/2017-18തി.28/92018നമ്പർ) ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതിന് കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകളിൽ നിയമാനുസൃതം നടപടിയെടുത്ത് തീർപ്പാക്കേണ്ടതാണ്.

## 2-7 വാടകപിരിവ്-അപാകങ്ങൾ

2017-18 സാമ്പത്തിക വർഷത്തെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് വാടക അനുബന്ധ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ).ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ ലഭ്യമാക്കിയിട്ടില്ല

ഷോപ്പിംഗ് കോംപ്ലക്സ് അനുബന്ധ ബൈലോയും ,കമ്മ്യൂണിറ്റി ഹാളിന്റെ അനുബന്ധ ബൈലോയും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.തയ്യാറാക്കിയിട്ടില്ലെങ്കിൽ 1995ലെ കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിലെ 3-ാം ഉപ ചട്ടങ്ങളിൽ നിർദ്ദേശിക്കും പ്രകാരം ബൈലാകൾ തയ്യാറാക്കേണ്ടതാണ് .

ബി ).വാർഷിക കണക്കിലെയും ഡിമാന്റ് രജിസ്റ്ററിലെയും ഡിമാന്റ് , നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് | 233940 | 172896 | 61044/- |
| ഡിമാന്റ് രജിസ്റ്റർ | 233520 | 172896 | 60624/- |
| വ്യത്യാസം | | | 420/- |

പൊരുത്തപ്പെടാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് .

സി) .വാടക കരാർപത്രം

കരാർ ഉടമ്പടികൾ പൂർണ്ണമായും എഴുതി ചേർക്കാതെയും (മുറി നമ്പർ, വാടക, വാടക ഈടാക്കേണ്ട തീയതി, ഏത് തരം കച്ചവടത്തിനാണ് വാടകമുറികൾ നൽകിയിരിക്കുന്നത്) സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെയുമാണ് സൂക്ഷിച്ചിരിക്കുന്നത്, കൂടാതെ ഹാജരാക്കിയ രേഖകൾ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിലെ ആകെ 28 മുറികൾ ഉള്ളതിൽ 3 ഒഴിച്ചിട്ടവ ഒഴികെ 25 മുറികൾ വാടകയ്ക്ക് നൽകിയതിൽ 12 സ്ഥാപനങ്ങൾ മാത്രമാണ് വാടക ഉടമ്പടിയിൽ (രേഖപ്പെടുത്തലുകൾ ഇല്ലാത്ത) ഏർപ്പെട്ട് മുറികൾ ഉപയോഗിച്ച് വരുന്നത്. ബാക്കിയുള്ള സ്ഥാപനങ്ങൾ കരാറേിലർപ്പെടാതെ തന്നെ മുറികൾ ഉപയോഗിച്ച് വരുന്നുണ്ട്.

കരാറിലേർപ്പെടാതെ മുറികൾ വാടകയ്ക്ക് നൽകിയതിനും,എഗ്രിമെന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനും കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

ഡി ). വാടകയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

| ക്രമ.നം | സ്ഥാപനത്തിന്റെ പേര് | മുറി നം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | സ്വാന്തനം പെയിൻ ആന്റ് പാലിയേറ്റീവ് | 33 | 10/275 |
| 2 | സെക്രട്ടറി,ട്രൈബൽവെൽഫെയർ സൊസൈറ്റി | 35 | 10/275 |

മേൽ സ്ഥാപനങ്ങൾ പൊഴുതന ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ വാടകയില്ലാതെയാണ് പ്രവർത്തിക്കുന്നത്. തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾ വാടകയില്ലാതെ പ്രവർത്തിക്കുന്നത് വരുമാന ശോഷണത്തിന് ഇടയാക്കുന്നു. വാടകയില്ലാതെ പ്രവർത്തിക്കുന്നതിനുള്ള കാരണം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

ഇ).വാടക കുടിശ്ശിക

| ക്രമ.നം | സ്ഥാപനത്തിന്റെ പേര്/ഉടമസ്ഥന്റെ പേര് | മുറി നം/ കെട്ടിട നമ്പർ | വാടക | അടയ്ക്കാനുള്ള നീക്കിബാക്കി | റിമാർക്സ് |
|---|---|---|---|---|---|
| 1 | പൊഴുതന ക്ഷീരോൽപാദക സഹകരണ സംഘം | 24/ 10/281 | 895/- | 3580 | 01/08/2017 ഒഴിവ് |

| | | | | | |
|---|---|---|---|---|---|
| 2 | ഇക്ബാൽ ചങ്ങലക്കാട്ടിൽ | 29/ 10/286 | 1187/- | 14244 | കുടിശ്ശിക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. |
| 3 | വാൽസല്യം കുടുംബശ്രീ | 30/ 10/263 | 2943/- | 35316 | |
| 4 | മുനീർ.കെ.പി | 31/ 10/278 | 500/- | 2000/- | |
| 5 | സൈതാലി മണ്ണിൽ | 13/ 10/264 | 457/- | 5484/- | |
| | | | | 60624 | |

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല ആയതിനാൽ കുടിശ്ശിക പിരിവ് പുരോഗതി വിലയിരുത്താൻ സാധിച്ചിട്ടില്ല . നാളിതുവരെ കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിന് കാരണവും ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

<u>എഫ് ). ഡി ആന്റ് ഒ ലൈസൻസ്</u>

പൊഴുതന ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് നമ്പർ തീയതി എന്നിവ ഹാജരാക്കേണ്ടതും, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ നിയമപരമായി സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കേണ്ടതാണ്

ജി ) വാർഷിക കണക്കിലെതുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ ഡി.സി.ബി റിപ്പോർട്ടും പൊരുത്തപ്പെടുന്നില്ല.

വിശദദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വാർഷിക കണക്ക് | തൻവർഷം | 2840710 | 2652036/- | 49411/- |
| | കുടിശ്ശിക | | 1741047 | 145479/- |
| ഡി.സി.ബി റിപ്പോർട്ട് | തൻവർഷം | 2840710 | 2637818/- | 71427/- |
| | കുടിശ്ശിക | 1875748/- | 1717543/- | 163464/- |

പൊരുത്തപ്പെടാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കുടിശ്ശികയുടെ പുരോഗതി വിവരവും, നിലവിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ഓഡിറ്റിന്

ലഭ്യമാക്കേണ്ടതാണ്. ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ഷോപ്പിംഗ് കോംപ്ലക്സിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു .

## 2-8 മൊബൈൽ ടവർ രജിസ്റ്റർ

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ 3 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. മൊബൈൽ ടവറുകളുടെ വിവരങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ മൊബൈൽ ടവറുകളുടെ എണ്ണത്തെ സംബന്ധിച്ച കൃത്യത ഉറപ്പ് വരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. പരിശോധന നടത്തി എണ്ണം സംബന്ധിച്ച വിവരവും വസ്തുനികുതിയിനത്തിൽ വരവ് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതിരൂപീകരണം ,ആസൂത്രണം മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമല്ല.

13-ആം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് കണക്കുകൾ ,രേഖകൾ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്. എന്നാൽ പദ്ധതി രൂപീകരണം, ആസൂത്രണം, മോണിറ്ററിംഗ് എന്നിവയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തിയിട്ടില്ല.

പഞ്ചായത്തിൽ തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ യഥാവിധി സംഘടിപ്പിച്ചിട്ടില്ല.സ.ഉ(എം.എസ്) 10/2017 തീയതി 9.1.2017 ലെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി രൂപീകരിച്ച് ഫോറം നം 1ലും വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത ഫോറം നം 2 ലും തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിന്റെ ഉത്തരവായി

പുറപ്പെടുവിച്ചതായി കാണുന്നില്ല. 2017-2022 പഞ്ചവത്സരപദ്ധതിയുടെയും

2017-18വാർഷികപദ്ധതിയുടെയും വർക്കിംഗ് ഗ്രൂപ്പ് രൂപീകരണയോഗം എന്നാണ് ചേർന്നത് എന്ന് വ്യക്തമല്ല. അതുകൊണ്ട് തന്നെ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2017-18വാർഷികപദ്ധതി വികസനസെമിനാർ നടന്ന വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല.

സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.മുൻവർഷങ്ങളിലെ പദ്ധതികളുടെ നേട്ടകോട്ടങ്ങൾ വിശകലനം ചെയ്തിട്ടില്ല.പഞ്ചായത്തിന്റെ പദ്ധതിരൂപീകരണത്തിന് മാർഗ്ഗനിർദ്ദേശം നൽകാവുന്ന രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ പോലും നടന്നതായി രേഖപ്പെടുത്തിയിട്ടില്ല

വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

സ.ഉ(എം.എസ്) 10/2017 തീയതി 9.1.2017 ലെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. 13 വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെന്ന് പദ്ധതിരേഖപ്രകാരം വ്യക്തമാണ്.എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ 2017 ഏപ്രിൽ മാസത്തിൽ ഒരു യോഗം ചേർന്നതല്ലാതെ വ്രക്കിംഗ് ഗ്രൂപ്പുകൾ ഒരു യോഗം പോലും ചേർന്നതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല . നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. ചേർന്ന യോഗത്തിന്റെ വ്രക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ എഴുതിപൂർത്തീകരിച്ചില്ല.

പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളൊന്നും തന്നെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തവയല്ല.വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്യാത്ത പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും മോണിട്ടർ ചെയ്യുന്നതിലും പ്രധാനപങ്കാളിത്തം വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നത് ക്രമപ്രകാരമല്ല.സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കാതെ പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(ii)പ്രകാരം വികസന സ്റ്റാൻഡിംഗ് കമ്മിറ്റി വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്,സ്പെഷൽ പ്ലാനിംഗ്, കൃഷി,

മണ്ണ് സംരക്ഷണം, സാമൂഹ്യവനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം മത്സ്യബന്ധനം, ചെറുകിടവ്യവസായം, പൊതുമരാമത്ത്, പാർപ്പിടസൌകര്യം, കെട്ടിടനിർമാണങ്ങളുടെ നിയ ന്ത്രണം, വൈദ്യുതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്ന 13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് കൃഷി,മത്സ്യബന്ധനം,തൊഴിലുറപ്പ് പദ്ധതി,മണ്ണ് ജലസംരക്ഷണം,പരിസ്ഥിതി സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, പ്രാദേശിക സാമ്പത്തിക വികസനം, പൊതുമരാമത്ത് എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്. എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ യഥാവിധി ചുമതലകൾ നിർവഹിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങൾ 13(1),13(1)(XIV) എന്നിവയിലെ നിർദ്ദേശത്തിനനുസൃതമായി ഭരണപരമായ കാര്യക്ഷമത ബന്ധപ്പെട്ട് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

സർക്കാർ ഉത്തരവ് 72/17 ത.സ്വ.ഭ.വ തീ 29/3/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13.6(9) അനുസരിച്ച് മെയിന്റനൻസ് ഫണ്ട് പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിക്കേണ്ടതുണ്ട്.എന്നാൽ ഇപ്രകാരം യോഗം വിളിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഖണ്ഡിക 3-1 ൽ സൂചിപ്പിച്ചതുപോലെ, വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകളും യഥാവിധി പ്രവർത്തിച്ചിട്ടില്ല.

## 3-3 പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പും പദ്ധതി നിർവ്വഹണവും

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിലെയും നിർവ്വഹണത്തിലെയും പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) റോഡ് രജിസ്റ്റർ, കണക്കുവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. സെയ്ൽസ് രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4) വർക്ക് ഫയലുകളോടോപ്പം നോട്ട് ഫയൽ ഇല്ല.

5)ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. ടെണ്ടർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ടെണ്ടർ നോട്ടീസ് ഇല്ല. ടെണ്ടറുകളുടെ താരതമ്യ പത്രികയില്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. സെലക്ഷൻ നോട്ടീസ്, വർക്ക് ഓഡർ, സൈറ്റ് കൈമാറിയതിന്റെ കൈപ്പറ്റ് രേഖ

എന്നിവ ഇല്ല.

6) ടെണ്ടർ ഫോറങ്ങളിൽ പലതിലും ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ ക്വോട്ട് ചെയ്ത നിരക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല. തിരുത്തലുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

7) പ്രവൃത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം ലൊക്കേഷൻ മാപ്പും ഡ്രോയിങ്ങും ഇല്ല, റോഡ് പ്രവൃത്തികളുടെ ചെയ്നേജ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

8) അളവ് പുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. പല പ്രവൃത്തികളുടെയും അളവ് പുസ്തകത്തിലും വർക്ക് ബില്ലിലും മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല, അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയും അളവ് പരിശോധിച്ച ഉദ്യോഗസ്ഥന്റെയും പേരും ഉദ്യോഗപേരും രേഖപ്പെടുത്തിയിട്ടില്ല. അളവ് പുസ്തകത്തിൽ പേയ്മെന്റിന്റെ വിവരങ്ങൾ രേഖപ്പടുത്തിയിട്ടില്ല.

9) കരാറുടമ്പടിയിൽ പൂർത്തികരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

10) അസി. എഞ്ചിനീയറുടെ ക്യാഷ് ബുക്കിൽ മാസാന്ത്യ ക്ലോസ്സിംഗ് നടത്തിയിട്ടില്ല. പല രേഖപ്പടുത്തലുകളും തെറ്റാണ് (ഉദാ: 1) വൗച്ചർ നം. 03/08, 19.08.2017 തുക 153833/-രൂപ എന്നതിന് പകരം 187137/-രൂപ എന്നാണ് രേഖപ്പടുത്തിയിരിക്കുന്നത്, വൗച്ചർ നം. 07/10, 13.10.2017 തുക 30480/-രൂപ എന്നതിന് പകരം 90365/-രൂപ എന്നാണ് രേഖപ്പടുത്തിയിരിക്കുന്നത്). ചില ചെലവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല( ഉദാ: ട്രഷറി ബിൽ നം. 50/17-18, 27.12.2107 പ്രകാരം പിൻവലിച്ച 62181/-രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

11) തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 125 പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ 80 പ്രോജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. പൊതുമരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി വകയിരുത്തിയിരുന്ന 57680545/-രൂപയിൽ 31187576/-രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. 1.60 കോടിയോളം രൂപ (വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും) ലാപ്സാകാൻ ഇടയായി.

12) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് ബുക്ക് പ്രകാരം തൻവർഷം ആകെ ഒരു യോഗമേ ചേർന്നതായി (22.04.2017-ന്) കാണുന്നുള്ളൂ. ആയതിന്റെ മിനിട്ട്സ് ക്ലോസ് ചെയ്തിട്ടുമില്ല. പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിൽ വാർഡ് തിരിച്ചുള്ള കുറച്ച് പ്രോജക്ടുകളുടെ വിവരം രേഖപ്പെടുത്തിയതല്ലാതെ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ആയതിന് ശേഷം നളിതുവരെ യോഗം ചേർന്നതായി കാണുന്നില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തൻവർഷം എല്ലാ മാസങ്ങളിലും യോഗം ചേർന്നിട്ടുണ്ട്. നടപ്പ് വർഷം ചേർന്ന 3 യോഗങ്ങളുടെ (16.07.18, 23.07.18, 17.08.18) മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. സ്റ്റാന്റിംഗ്

കമ്മിറ്റി യോഗങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട് ചർച്ച ചെയ്തതായി കാണുന്നില്ല. 2017-18 വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ നേട്ടകോട്ടങ്ങളും വിശകലനം ചെയ്തതായി കാണുന്നില്ല.

13) പല പൊതുമരാമത്ത് പ്രവൃത്തികളുടെ തുക നൽകുമ്പോൾ കരാർ പ്രകാരമുള്ള ബിൽ തുക നൽകേണ്ടതിനു പകരം അധിക തുക നൽകുന്നു (അടങ്കൽ തുകയ്ക്കനുസരിച്ച് (ഉദാ: 1. എസ്.0153/18, സേട്ടുകുന്ന് 8 ഏക്കറ റോഡ് കോൺക്രീറ്റ്, 2. എസ്.0063/18, അന്തവള്ളികുന്ന് റോഡ് സംരക്ഷണം).

14) ചില പ്രവൃത്തികളുടെ അളവ് പുസ്തകത്തിൽ അളവുകൾ രേഖപ്പെടുത്തയത് നിയമ വിരുദ്ധമായ തിരുത്തലുകൾ വരുത്തിയിരിക്കുന്നു (മേലെഴുത്ത്). ഉദാഹരണമായി എസ്.0189/17-18, സുഗന്ധഗിരി യു.പി. സ്കൂൾ കോമ്പൗണ്ട് വാൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ അളവ് പുസ്തകം കാണുക.

അപാകതകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആയവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

തൻ വർഷം ഗുണഭോകേതൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ

1)എസ്. 0146/18, പറനിരപ്പ്കുന്ന് അംഗൻവാടി നവീകരണം (കൺവീനർ : ലക്ഷമി കെ.).
അടങ്കൽ 2,00,000/രൂപ (റോഡിതര സംരക്ഷണഗ്രാന്റ്)

2)എസ്. 0162/18, സുഗന്ധഗിരി പി.എച്ച്.സി. നടപ്പാത നിർമ്മാണം (കൺവീനർ :എൻ. പത്മനാഭൻ നായർ).
അടങ്കൽഃ 2,00,000/-രൂപ(വികസന ഫണ്ട് ടി എസ്.പി)

എന്നീ മരാമത്ത് പ്രവൃത്തികളുടെ താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) ഗുണഭോക്തൃ സമിതിയുടെ മിനിട്ടസ് ബുക്ക്.

2) അക്കൗണ്ട് ബുക്ക്.

3) തൊഴിലാളികളുടെ മസ്റ്റർ റോൾ.

4) ചെലവ് വൗച്ചറുകൾ.

5) തൊഴിലാളികളുടെ തുക കൈപ്പറ്റ് രശീതികൾ.

6) ഗുണഭോക്തൃ സമിതിയുടെ ബാങ്ക് പാസ്ബുക്ക്.

അസി. എഞ്ചിനീയർ 29.09.2018 -ലെ എ - 56/18 നമ്പർ കത്ത് പ്രകാരം ഓഡിറ്റ്

എൻക്വയറിക്ക് (നം. 26/2017-18, 29.09.2018) ലഭ്യമാക്കിയ മറുപടി താഴെ പറയും പ്രകാരമാണ്.

'മേൽ പറഞ്ഞ രേഖകൾ തത്സമയം ഹാജരാക്കിയിരുന്നു. എന്നാൽ രേഖകളുടെ സൂക്ഷമപരിശോധനയിൽ ചില ഭാഗങ്ങളിൽ കൺവീനർ സാക്ഷ്യപ്പെടുത്താത്തത് കാരണം പൂർത്തികരിക്കാൻ തിരികെ കൊടുത്തു. രേഖകൾ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. കൺവീനറുടെ വീട് കാലവർഷകെടുതിയിൽപ്പെട്ട് രേഖകൾ നശിച്ചുപോയെന്ന് അറിയാൻ കഴിഞ്ഞു.'

ഹാജരാക്കിയ രേഖകളിൽ അപാകതകൾ ഉണ്ടായിരുന്നെങ്കിൽ അവ പരിഹരിച്ചതിന് ശേഷം മാത്രമേ ബിൽ തുക അനുവദിക്കുവാമായിരുന്നുള്ളൂ. ചില ഭാഗങ്ങളിൽ കൺവീനർ സാക്ഷ്യപ്പെടുത്താതിരുന്നതിനാൽ തിരികെ നൽകി എന്നാണ് മറുപടിയിലുള്ളത്. ആയതിന് രേഖകൾ തിരികെ നൽകേണ്ട ആവശ്യം ഉണ്ടായിരുന്നില്ല, കൺവീനറെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ വിളിച്ചു വരുത്തി ചെയ്യിക്കാമായിരുന്നു. ഇതിന് പുറമേ മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളും വ്യത്യസ്ത ഗുണഭോകേതൃ സമിതികളാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. കൺവീനർമാരും രണ്ട് വ്യക്തികളാണ്. അതിനാൽ രണ്ട് പ്രവൃത്തികളുടെയും രേഖകൾ ഒരേ കാരണത്താൽ തിരികെ കൊടുത്തെന്നും ഒരുപോലെ നഷ്ടപ്പെട്ടു എന്നും പറയുന്നത് യുക്തിസഹമല്ല. രേഖകൾ നഷ്ടപ്പെട്ടുപോയതായി കൺവീനർ ഗ്രാമപഞ്ചായത്തിൽ രേഖമൂലം അറിയിച്ചിട്ടുമില്ല. ആയതിനാൽ കൺവീനറുടെ കൈയിൽ നിന്നും രേഖകൾ നഷ്ടപ്പെട്ടുപോയി എന്നതിന് യാതൊരു അടിസ്ഥാനവുമില്ല. രണ്ട് പ്രവൃത്തികളുടെയും പേയ്മെന്റ് നടത്തിയിട്ട് ഒരു വർഷത്തിൽ കൂടുതൽ ആകുകയും ചെയ്തു (2017 ജൂലൈ മാസത്തിലാണ് പേയ്മെന്റ് നടത്തിയിട്ടുള്ളത്). അതിനാൽ അപാകതകൾ പരിഹരിക്കുന്നതിന് രേഖകകൾ കൺവീനർമാർക്ക് നൽകിയിട്ട് തിരികെ ലഭിച്ചിട്ടില്ല, 2018 ആഗസ്റ്റ് മാസത്തെ കാലവർഷകെടുതിയിൽ നഷ്ടപ്പെട്ടു എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. രേഖകകൾ കൃത്യമായി സൂക്ഷിക്കേണ്ട പൂർണചുമതല നിർവ്വഹണ ഉദ്യോഗസ്ഥനായതിനാൽ. രേഖകകൾ ഇല്ലാതെ പേയ്മെന്റുകൾ നടത്തിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.

സർക്കുലർ നമ്പർ 1/1559/2010/സി.ഇ/ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരം ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ത ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്നാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. മേൽ പ്രവൃത്തികൾക്ക് അളവ് പുസ്തക പ്രകാരമുള്ള മൂല്യനിർണ്ണയത്തിനറെ അടിസ്ഥാനത്തിലാണ് തുകകൾ നൽകിയിട്ടുള്ളത്. ഗുണഭോക്തൃ സമിതിയുടെ ചെലവ് കണക്കുകളും ആയതിനെ സാധൂകരിക്കുന്നതിനുള്ള രേഖകളും ലഭ്യമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികളുടെ ചെലവ് തുകകൾ യഥാക്രമം 182575/-രൂപയും (ട്രഷറി ബിൽ നം. 11/2017-18, 11.07.2017) 200000/-രൂപയും (ട്രഷറി ബിൽ നം. 09/2017-18, 11.07.2017) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. നടപടി ക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-5 ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

ഇ- ടെണ്ടർ പ്രകാരം നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ

ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. , പേര് | ടെണ്ടർ തീയതി | ബിഡ്ഡുകളുടെ എണ്ണം, ഫോറം വില | ആകെ ലഭിക്കേണ്ട തുക |
|---|---|---|---|---|
| 1 | 182/18, ആനോത്ത് മുത്താറികുന്ന് റോഡ് | 13.02.2017 | 2,<br>1100 | 2200/-രൂപ |
| 2 | 181/18, കുറവൻതോട് പ്രകാശൻ ഇ.എം.വി. റോഡ് | 13.02.2017 | 3,<br>1500 | 4500/-രൂപ |
| 3 | 195/18, പൊഴുതന പി.എച്ച്.സി. നവീകരണം | 02.05.2017 | 3,<br>2700 | 8100/-രൂപ |
| 4 | 178/18, പഞ്ചായത്ത് ഓഫീസ് നവീകരണം | 28.02.2017 | 3,<br>2700 | 8100/-രൂപ |
| 5 | 69/18, മേൽമുറി അംഗൻവാടി റോഡ് കോൺക്രീറ്റ് | 25.08.2017 | 3,<br>1400 | 4200/-രൂപ |
| 6 | 177/18, ഇടിയംവയൽ പന്നിയോറ പിണങ്ങോട് മുക്ക് റോഡ് | 01.03.2017 | 1,<br>2100 | 2100/-രൂപ |
| 7 | 179/18, പൊഴുതന പി.എച്ച്.സി. നവീകരണം | 07.02.2017 | 8,<br>2700 | 21600/-രൂപ |
| 8 | 164/18, പിണങ്ങോട് സ്കൂൾ അറ്റകുറ്റ പ്രവൃത്തികൾ | 13.02.2017 | 3,<br>2100 | 6300/-രൂപ |
| 9 | 66/18, മീൻചാൽ റോഡ് കോൺക്രീറ്റ് | 25.08.2017 | 4,<br>1400 | 5600/-രൂപ |
| 10 | 61/18, മേൽമുറി പുതിയറ റോഡ് കോൺക്രീറ്റ് | 16.08.2017 | 3,<br>1800 | 5400/-രൂപ |

| | | | | |
|---|---|---|---|---|
| 11 | 171/18, സുഗന്ധഗിരി പഴശ്ശി ക്ലബിന് കെട്ടിട നിർമ്മാണം | 13.02.2017 | 2,<br>1890 | 3780/-രൂപ |
| 12 | 58/18, കുറവൻതോട് ഭൂതാനം റോഡ് റിപ്പയർ പ്രവൃത്തി | 25.08.2 | 2,<br>2300 | 4600/-രൂപ |
| 13 | ൂ140/18, ഇ.എം.ഡി. പ്രകാശൻ റോഡ് കോൺക്രീറ്റ് | 21.08.2017 | 4,<br>1200 | 4800/-രൂപ |
| 14 | 32/18, വൃന്ദാവൻ സ്കൂൾ മേൽക്കൂര മാറ്റൽ | 28.08.2017 | 4,<br>1200 | 4800/-രൂപ |
| 15 | 180/18, സുഗന്ധഗിരി യു.പി. സ്കൂൾ കെട്ടിട നിർമ്മാണം | 07.02.2017 | 2,<br>2700 | 5400/-രൂപ |
| 16 | 137/18, അച്ചൂർ കമ്മ്യൂണിറ്റി ടോയ്ലറ്റ് നിർമ്മാണ | 21.12.2017 | 2,<br>1400 | 2800/-രൂപ |
| 17 | 216/18, പഞ്ചായത്ത് മാർക്കറ്റ് നവീകരണം | 21.12.2017 | 2,<br>1200 | 2400/-രൂപ |
| | | | ആകെ | 96680/-രൂപ |

ഓഡിറ്റ് എൻക്വയറി നം. 27/2017-18/ 29.09.2018-ക്കുള്ള മറുപടിയായി തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വരവ് നഷ്ടമാണ്. ഇ-ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്തിൽ ലഭ്യമാക്കേണ്ടതിന്റെ ഉത്തരവാദിത്വം കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം ടെണ്ടർ നടത്തിയ ഉദ്യോഗസ്ഥനാണ്. ആയതിനാൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റൽ അറിയിക്കേണ്ടതാണ്.

## 3-6 അസാധുവായ ടെണ്ടർ അംഗീകരിച്ച് പ്രോജക്ട് നടപ്പിലാക്കി.

താഴെ പറയുന്ന പ്രവൃത്തിക്ക് ആകെ രണ്ട് ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ അസാധുവായ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടപ്പിലാക്കിയതായാണ് കാണുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.092/17-18 |
| പ്രോജക്ടിന്റെ പേര് | കാപ്പാട്ടുകുന്ന് കുടിവെള്ളം |
| അടങ്കൽ | 200000/-രൂപ ( വികസന ഫണ്ട് - എസ്.സി.പി.) |
| ചെലവ് | 200000/-രൂപ [ട്രഷറി ബിൽ നം. 83/17-18, 11/03/2018] |
| എം. ബുക്ക് നമ്പർ | 120/17-18 (പേജുകൾ 01-20) |
| കരാറുടമ്പടി നമ്പർ | 44/17-18, 18/01/2018 |
| കരാറുകരൻ | ശ്രീ. ഉബൈദ് പി. |

മേൽ പ്രവൃത്തിയുടെ ടെണ്ടറിൽ ശ്രീ. ഉബൈദ് പി., ശ്രീ. ഗംഗാധരൻ എന്നീ രണ്ട് കരാറുകാരാണ് പങ്കെടുത്തിട്ടുള്ളത്. രണ്ട് പേരും എസ്റ്റിമേറ്റ് നിരക്കിന്റെ 6% കുറവാണ് ടെണ്ടറിൽ ക്വോട്ട് ചെയ്തിട്ടുള്ളത്. ടെണ്ടർ രജിസ്റ്ററിൽ നെഗോസിയേഷൻ പ്രകാരം ശ്രീ. ഉബൈദ് പി. - യെ തിരഞ്ഞെടുത്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അംഗീകരിച്ച ടെണ്ടർ തുക എത്രയാണെന്നോ കരാറുകാർ ടെണ്ടറിൽ ക്വോട്ട് ചെയ്ത തുക എത്രയാണെന്നോ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ശ്രീ. ഉബൈദ് പി. സമർപ്പിച്ച ടെണ്ടർ ഫോറത്തിന്റെ പ്രൈസ് ഷെഡ്യൂളിൽ ഒഴികെ റേറ്റ് രേഖപ്പെടുത്തിയ പേജിൽ ഉൾപ്പെടെ ടെണ്ടർ ഫോറത്തിന്റെ ഒരു പേജിലും അദ്ദേഹം ഒപ്പുവച്ചതായി കാണുന്നില്ല. ടെണ്ടർ ഫോറത്തിൽ എസ്റ്റിമേറ്റ് നിരക്ക് എന്ന് രേഖപ്പെടുത്തിയത് തിരുത്തി 6% കുറവ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറത്തിന്റെ അവസാന പേജിൽ തിരുത്തലിന്റെ വിവരം രേഖപ്പെടുത്തി ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിയിട്ടില്ല. ഇതിന് പുറമേ പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ചപ്പോൾ ടെണ്ടർ ബിലോ കുറവ് ചെയ്തതായും കാണുന്നില്ല. 11.01.2018 -ലെ 01/09-ാം നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ റിവൈസ് ചെയ്ത തീയതി രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്തു കൊണ്ടുള്ള അസി. എക്സി. എഞ്ചിനീയറുടെ നടപടി ഉത്തരവിന്റെ പകർപ്പും ഇല്ല. വർക്ക് ഓഡർ, സൈറ്റ് കരാറുകരന് കൈമാറിയതിന്റെ രേഖ എന്നിവയും വർക്ക് ഫയലിൽ ഇല്ല. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്ററിലും തുക കൈപ്പറ്റ് രശീതിയിലും ഏതു പ്രവൃത്തിക്കുവേണ്ടിയാണ് ടെണ്ടർ ഫോറം നൽകിയതെന്ന വിവരം ചേർക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്ക് എത്ര ടെണ്ടർ ഫോറങ്ങൾ വിറ്റിട്ടുണ്ട് എന്നും ലഭിച്ച ടെണ്ടറുകളെല്ലാം ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നും വ്യക്തമല്ല. ടെണ്ട ഫോറം വിൽപ്പനയുടെ മുഴവൻ തുകയും ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധ്യമല്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 03/2017-18/ 25.09.2018, തുടർന്ന് ടെണ്ടർ ബിലോ തുക 12000/-രൂപ ചെലാൻ നമ്പർ KL00652298720181 8, തീയതി 29.09.2018 പ്രകാരം ട്രഷറിയിൽ അടവാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഭരണസമിതിയുടെ അംഗീകാരത്തിനായി താരതമ്യ പത്രിക സമർപ്പിക്കുകയും ആയത് അംഗീകരിച്ച് കിട്ടിയതിന്റെ അടിസ്ഥനത്തിലാണ് പ്രവൃത്തി നടപ്പിലാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. അസാധുവായ ടെണ്ടർ താരതമ്യ പത്രികയിൽ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിനാലാണ് തെറ്റായ തീരുമാനം ഉണ്ടാകുന്നതിന് ഇടയാക്കിയത്. ആയതിന്റെ പൂർണ ഉത്തരാവാദിത്വം ടെണ്ടർ നടത്തിയ ഉദ്യോഗസ്ഥനാണ്. തൻവർഷം നടപ്പിലാക്കിയ മറ്റൊരു റോഡ് പ്രവൃത്തിയായ പ്രോജക്ട് നമ്പർ എസ്.0158/17-18, മോതിരപ്പാറ റോഡ് ടാറിംഗ് എന്നതിലും സമാന അപാകതകൾ ഉണ്ട്. ആയതിനും മേൽ പറഞ്ഞ വിശദീകരണം തന്നെയാണ് ലഭ്യമാക്കിയിട്ടുള്ളത്.

പ്രസ്തുത അപാകതകൾ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ (ജി.ഒ. (എം.എസ്.) നം.10/2107 /ത.സ്വ.ഭ.വ , 09.01.2107 പ്രകാരമുള്ള) ചുമതലകൾ നിർവ്വഹിക്കുന്നതിലുള്ള വീഴ്ചയാണ് കാണിക്കുന്നത്. പദ്ധതി അംഗീകാരത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ടെണ്ടർ നടപടി മുതൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുന്നതു വരെ എല്ലാ പ്രവർത്തനങ്ങളും മോണിറ്ററിംഗ് കമ്മിറ്റി നിരീക്ഷിക്കേണ്ടതാണ്.

നടപടി ക്രമങ്ങളിലെ വീഴ്ചകളും രേഖകളുടെ സൂക്ഷിപ്പിലെ അപാകതകളും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പൊളിച്ചുമാറ്റിയ സാമഗ്രികൾ സ്റ്റോക്കിലില്ല.

താഴെ പറഞ്ഞിരിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ക്രമ നമ്പർ 1 പ്രകാരം പൊളിച്ചുമാറ്റിയ എ.സി. ഷീറ്റ്, മരഉരുപ്പടികൾ എന്നിവ സ്കൂളിന്റെ സ്റ്റോർ റൂമിൽ സ്റ്റാക്ക് ചെയ്തതായി പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ 28.09.2018 -ൽ നടത്തിയ സ്ഥല പരിശോധനയിൽ സാമഗ്രികൾ സ്കൂളിൽ കണ്ടെത്താൻ സാധിച്ചില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0032/17-18 |
| പ്രോജക്ടിന്റെ പേര് | വൃന്ദാവൻ സ്കൂൾ മേൽക്കൂര മാറ്റൽ |
| അടങ്കൽ | 500000/-രൂപ ( വികസന ഫണ്ട് - എസ്.സി.പി.) |
| ചെലവ് | 449018/-രൂപ [ട്രഷറി ബിൽ നം. 71/17-18, 17/02/2018] |
| എം. ബുക്ക് നമ്പർ | 115/17-18 (പേജുകൾ 01-25) |
| കരാറുടമ്പടി നമ്പർ | 19/17-18, 03/10/2017 |

| | |
|---|---|
| കരാറുകാരൻ | ശ്രീ. സിദ്ദിക്ക് കെ.കെ. |

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനിയർ-

പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം നമ്പർ 1 പ്രകാരം 102.12എം3 മെറ്റീരിയൽസാണ് പൊളിച്ചുമാറ്റിയിട്ടുള്ളത്. പൊളിമാറ്റിയ മെറ്റീരിയൽസിന്റെ മൂല്യം സാങ്കേതിക ഉദ്യോഗസ്ഥൻ നിർണ്ണയിച്ചയായി കാണുന്നില്ല. പൊളിച്ചുമാറ്റിയ മെറ്റീരിയൽസ് വാർഡ് മെമ്പറുടെ നിർദ്ദേശാനുസരണം ക്വട്ടേഷൻ ക്ഷണിച്ച് വിൽപ്പന നടത്തിയതായാണ് സ്കൂളിലെ അധ്യാപകർ നേരിൽ അറിയിച്ചത്. എന്നാൽ വിൽപ്പന നടത്തിയതിന്റെ തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയതായി കാണുന്നില്ല.

28.09.2018 -ലെ ഓഡിറ്റ് എൻക്വയറി നം. 23/2017-18ന് മറുപടിയായി പൊളിച്ചുമാറ്റിയ എ.സി. ഷീറ്റ്, മരഉരുപ്പടികൾ എന്നിവ അടുക്കളയോട് ചേർന്നുള്ള കോൺക്രീറ്റ് കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുള്ളതാണ് എന്നും ആയവ കാണാതായത് സംബന്ധിച്ച് വിവരം അറിയിക്കുന്നതിന് സ്കൂൾ ഹെഡ് മാസ്റ്റർക്ക് വിവരം നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. പൊളിച്ച് മാറ്റി നാളിതുവരെയായിട്ടും ആയതിന്റെ മൂല്യനിർണ്ണയം നടത്താത്തും അത് ഉപയോഗപ്പെടുത്തുകയോ ലേലം ചെയ്തു നല്കുകയോ ചെയ്യാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. സാങ്കേതിക ഉദ്യോഗസ്ഥൻ മൂല്യനിർണ്ണയം നടത്താതെ പ്രസ്തുത വസ്തുക്കൾ വിൽപ്പന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ആയതിന്റെ തുക എത്രയും വേഗം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചറിയിക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തിയുടെ ചെലവ് തുക 449018/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ-നടപ്പാക്കുന്നതിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(iii)പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പട്ടികജാതി-പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമാർജ്ജനം, പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് ദാരിദ്ര്യ ലഘൂകരണം, സാമുഹ്യനീതി, വനിത വികസനം, പട്ടികജാതി/പട്ടികവർഗ വികസനം എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്. 2017 ഏപ്രിൽ മാസത്തിൽ ഒരു യോഗം ചേർന്നതല്ലാതെ വ്രക്കിംഗ് ഗ്രൂപ്പുകൾ ഒരു യോഗം പോലും

ചേർന്നതായി കാണുന്നില്ല. 29.7.2017 ലെ 25/17-18(1) നമ്പർ തീരുമാനപ്രകാരം മുഴുവൻ അങ്കണവാടികളും സന്ദർശിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും ആയത് നടപ്പാക്കിയതായി കാണുന്നില്ല. പല അങ്കണവാടികളും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നുവെങ്കിലും സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സിൽ ഈ വിവരങ്ങൾ അവലോകനം ചെയ്തതായികാണുന്നില്ല. ഓരോ മേഖലയിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് മുൻപ് ആ മേഖലയിലെ ആവശ്യകതകൾ അവലോകനം ചെയ്യുന്നില്ല. മേൽ നിർദ്ദേശങ്ങൾ ഭാവിയിൽ പാലിക്കേണ്ടതാണ്.

## 3-9 അഗതി-ആശ്രയ പദ്ധതി-നല്കിയ തുക ചെലവഴിച്ചില്ല

പൊഴുതന ഗ്രാമപഞ്ചായത്തിൽ തൻവർഷം അഗതി -ആശ്രയ പദ്ധതി നടത്തിപ്പിന് വേണ്ടി 530000 സി.ഡി.എസ്. ചെയർപേഴ്സണ് നൽകി. പഞ്ചായത്തിലെ അഗതി-ആശ്രയ പദ്ധതിയുടെ 31.3.18 വരെയുള്ള വരവുചെലവുകണക്കുകളും പ്രോജക്ടുകളുടെ വിവരങ്ങളും ഗുണഭോക്താക്കളുടെ വിവരങ്ങളും ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 20തീയതി 28.9.18 പ്രകാരം ആവശ്യപ്പെട്ടതിന് സെക്രട്ടറി നൽകിയ മറുപടിയിൽ തുക സി.ഡി.എസ്.ചെയർപേഴ്സന്റെ പേരിൽ വൈത്തിരി സഹകരണബാങ്കിന്റെ പൊഴുതന ശാഖയിലെ 002001007994 നമ്പർ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും ചെലവുകളൊന്നും നടത്തിയിട്ടില്ലയെന്നും അറിയിച്ചിട്ടുണ്ട്.അഗതി -ആശ്രയ പദ്ധതിക്ക് ലഭിച്ച ഫണ്ട് ചെലവഴിക്കാതെ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ഇടപെട്ടതായി കാണുന്നില്ല. ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയത്തിൽ അടിയന്തിരമായി ഇടപെടേണ്ടതാണ്.

## 3-10 അങ്കണവാടികളുടെ അടിസ്ഥാനസൌകര്യങ്ങൾ പര്യാപ്തമല്ല.

ഗ്രാമപഞ്ചായത്തിൽ 34 അങ്കണവാടികളുള്ളതിൽ 20 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 112-ാം നമ്പർ അംഗനവാടി സ്കൂൾ കെട്ടിടത്തിലും, രണ്ടെണ്ണം വാടക രഹിത പൊതുകെട്ടിടത്തിലും, ആറെണ്ണം എസ്റ്റേറ്റ് പാ'ടിയിലും, 4 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 10 എണ്ണത്തിനേ ചുറ്റു മതിലുള്ളൂ. 7എണ്ണത്തിലേ വൈദ്യുതി കണക്ഷൻ ഉള്ളൂ. 21 എണ്ണത്തിലേ സ്വന്തമായി കുടിവെള്ള സൗകര്യമുള്ളൂ. സ്വന്തമായി ടോയിലറ്റ് സൗകര്യം 29 എണ്ണത്തിനുമുണ്ട്.

വാർഷിക ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരം ICDS കേന്ദ്ര വിഹിതം 17,92,685/- രൂപ നീക്കിയിരിപ്പുണ്ട്. 3.9.2010 സ.ഉ.നം.39033/ഡിസി2/2010 തസ്വഭവയിൽ പൂരകപോഷകാഹാരത്തിൽ ചെലവഴിക്കാത്ത കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളുടെ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് പറയുന്നുണ്ട്. കേന്ദ്ര വിഹിതമിനത്തിൽ നീക്കിയിരിപ്പുള്ള തുക വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമായ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഭവനപുനരുദ്ധാരണം- പൂർത്തീകരിച്ചില്ല.

പട്ടിക വർഗ്ഗക്കാരായ ഗുണഭോക്താക്കൾക്ക് നിലവിലുള്ള വീടുകളുടെ പുനരുദ്ധാരണത്തിനാണ് പദ്ധതി നടപ്പാക്കിയത് .ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് പദ്ധതി നടപ്പാക്കിയത്. ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപയാണ് വകയിരുത്തിയത്.

തൻവർഷം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ഭവനപുനരുദ്ധാണപദ്ധതിയിൽ എഗ്രിമെന്റ് വെച്ച് ഒന്നാംഗഡു കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളും ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചില്ല.വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ- 78/18

പ്രോജക്റ്റിന്റെ പേര്-ഭവനപുനരുദ്ധാരണം.

എഗ്രിമെന്റ് വെച്ചവർ-33

പൂർത്തീകരിച്ചവർ- 26
അടങ്കൽ- 21,90,000/ രൂപ.(വികസന ഫണ്ട്-ടി.എസ്.പി)

താഴെപ്പറയുന്ന ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് ഗഡുക്കൾ കൈപ്പറ്റിയെങ്കിലും ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമനമ്പർ | ഗുണഭോക്താവ് | എസ്റ്റിമേറ്റ് തുക | കൈപ്പറ്റിയ തുക | ട്രഷറി ബിൽ നമ്പർ / തീയതി |
|---|---|---|---|---|
| 1 | ശാന്തബാലൻ | 52510 | 45000 | 5/27/3/18 |
| 2 | ചന്തു കീരൻ | 58673 | 50000 | 5/27/3/18 |
| 3 | ലക്ഷ്മി.എ.സി | 58673 | 50000 | 5/27/3/18 |
| 4 | സന്തോഷ്.അമ്പലക്കൊല്ലി | 58160 | 50000 | 5/27/3/18 |
| 5 | ജാനകി,അമ്പലക്കൊല്ലി | 58160 | 50000 | 5/27/3/18 |
| 6 | ഗോപി ,അമ്പലക്കൊല്ലി | 58160 | 50000 | 5/27/3/18 |
| 7 | ഉഷ,അമ്പലക്കൊല്ലി | 58160 | 50000 | 5/27/3/18 |

ഓഡിറ്റ് എൻക്വയറി നമ്പർ 13 തീയതി 27.9.18 ഭവനപുനരുദ്ധാരണം അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 ഫണ്ട് വിനിയോഗം ക്രമപ്രകാരമല്ല.

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതി ഫയലും ക്യാഷ്ബുക്കും പരിശോധിച്ചതിൽ ചില തുകകൾ ചെക്കായി വിതരണം ചെയ്തതായും മുൻവർഷങ്ങളിൽ നൽകിയ തുക ചില ഗുണഭോക്താക്കൾ തുക തിരിച്ചടച്ചതായും ശ്രദ്ധയിൽപ്പെട്ടു. നിർവഹണോദ്യോഗസ്ഥൻ സൂക്ഷിക്കുന്ന ബാങ്ക് അക്കൌണ്ടിൽ ആണ് ഈ തുക സൂക്ഷിക്കുന്നത്.മുൻവർഷങ്ങളിൽ പിൻവലിച്ച പല പദ്ധതികളുടെയും തുകകൾ സാമ്പത്തികവർഷം കഴിഞ്ഞിട്ടും ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നുണ്ട്.(കാനറാ ബാങ്ക് വൈത്തിരി ബ്രാഞ്ചിലെ 0358101073212 നമ്പർ അക്കൌണ്ടിൽ) പാസ്സ് ബുക്ക് പ്രകാരം 1.4.17 ന് 2520394 രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു.ക്യാഷ് ബുക്ക് പ്രകാരം 2325181 രൂപയായിരുന്നു നീക്കിയിരിപ്പ്.പാസ്സ് ബുക്കും ക്യാഷ്ബുക്കും പൊരുത്തപ്പെടുത്തിയിട്ടില്ല. 31.3.18 ന് പാസ്സ് ബുക്ക് പ്രകാരവും ക്യാഷ് ബുക്ക് പ്രകാരവും 186101 രൂപ നീക്കിയിരിപ്പുണ്ട്.ധനവകുപ്പിന്റെ 12.4.2006 ലെ ജി.ഒ.പി.177/2006 പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന തുകകൾ അന്നുതന്നെയോ,തൊട്ടടുത്ത ദിവസമോ ഡിമാന്റ് ഡ്രാഫ്റ്റ് ആയി വിതരണം ചെയ്യേണ്ടതാണ്.ചെലവഴിക്കാത്ത തുകകൾ അക്കൌണ്ടിൽ സൂക്ഷിക്കുന്ന നടപടി ശരിയല്ല.ഈ വിഷയത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ ,ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ നാളിതുവരെ ഇടപെട്ടിട്ടില്ല.ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെയും ബന്ധപ്പെട്ടസ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു. നീക്കിയിരിപ്പുള്ള 1,86,101/രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 എസ്.ടി.വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം- രേഖകൾ ഹാജരാക്കിയില്ല

തൻവർഷം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എസ്.ടി.വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം പ്രോജക്ട് നടപ്പാക്കുന്നതിനായി 50923 രൂപ ചെലവഴിച്ചു.

പ്രോജക്ട് നമ്പർ- 200/18

പ്രോജക്ട്-എസ്.ടി.വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം.

ട്രഷറി ബിൽ /തീയതി-1/26.3.18
അടങ്കൽ 500923/- രൂപ (ടി.എസ്.പി)

പദ്ധതിയിൽ വസ്ത്രനിർമ്മാണം ,കുടനിർമ്മാണം ,ബാഗ് നിർമ്മാണം എന്നിവക്ക് പരിശീലനം നൽകുന്നതിന് പരിശീലകർക്ക് നൽകുന്നതിന് 50923 രൂപ ചെലവഴിച്ചു . എന്നാൽ പരിശീലനാർത്ഥികളെ തെരഞ്ഞെടുത്തത് സംബന്ധിച്ച

യാതൊരു വിവരങ്ങളും ഫയലിൽ ഇല്ല.ഏതാനും ആളുകളുടെ അറ്റൻഡൻസ് പകർപ്പ് മാത്രമാണ് ഫയലിൽ ഉള്ളത്. പരിശീലനം നടത്തിയതിന്റെ മറ്റ് വിവരങ്ങൾ ഫയലിൽ ഇല്ല.പരിശീലനം ലഭിച്ച ആളുകൾ സ്വയം തൊഴിൽ ചെയ്യുന്നത് സംബന്ധിച്ച വിവരങ്ങളും പദ്ധയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.നിർവഹണോദ്യോഗസ്ഥന്റെ ക്യാഷ്ബുക്ക് പരിശോധിച്ചതിൽ ഈ പദ്ധതിക്ക് മുൻബാക്കിയായി മുൻവർഷം പിൻവലിച്ച 647161/- രൂപ ഉണ്ടായിരുന്നതായും ഈ തുക 2017-18 സാമ്പത്തികവർഷം ചെലവഴിച്ചതായും 31.3.18 ന് 59750 രൂപ നീക്കിയിരിപ്പുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ പ്രോജക്ടിൽ ഏകവർഷപ്രോജക്ട് ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നമ്പർ 14 തീയതി 27.9.18 പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടതിന് വിവരങ്ങൾ നൽകുകയോ ,മറുപടി നൽകുകയോ ചെയ്തിട്ടില്ല. പദ്ധതിനടത്തിപ്പ് സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 50923/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ്. നീക്കിയിരിപ്പുള്ള 59750/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ച് അറിയിക്കേണ്ടതാണ്.

## 3-14 അങ്കണവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങിയത്-സാധനങ്ങൾ സപ്ലൈ ചെയ്യാതെ തുക നൽകി-നഷ്ടം-324866 രൂപ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ അങ്കണവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങിയ പ്രോജക്ടിൽ സാധനങ്ങൾ സപ്ലൈ ചെയ്തു എന്നുറപ്പുവരുത്താതെയും വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്താതെയും ലഭിച്ച സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കാതെയുമാണ് വിതരണക്കാരന് തുക നൽകിയത്. ആയതിനാൽ 3,24,866/- രൂപയുടെ ചെലവ് ഉപയോഗപ്രദമായിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

പ്രോജക്ട് നമ്പർ- 17/18

പ്രോജക്ട് - അങ്കണവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങൽ

ചെലവഴിച്ച തുക- 324866

ട്രഷറി ബിൽ നമ്പർ-21/28.3.18

നിർവഹണം -ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ഫണ്ട് - വികസനഫണ്ട്

പ്രോജക്ട് പ്രകാരം ടെണ്ടർ മുഖേന കളേർസ് ഗിഫ്റ്റ് & കിഡ്സ് കളക്ഷൻസിൽ നിന്ന്

താഴെപ്പറയുന്ന സാധനങ്ങൾ വാങ്ങുന്നതിന് നൽകി സപ്ലൈ ഓർഡർ നൽകി.

| ക്രമനമ്പർ | സാധനം | എണ്ണം | യൂണിറ്റ് വില | ആകെ വില |
|---|---|---|---|---|
| 1 | സ്ലൈഡർ | 19 | 6199 | 117781 |
| 2 | ടോയ് കാർ | 20 | 4242 | 84838 |
| 3 | ട്രൈ സൈക്കിൾ | 80 | 1093 | 87440 |
| | ആകെ | | | 290059 |
| | നികുതികൾ | | | 34807 |
| | ആകെ | | | 324866 |

പ്രോജക്ട് ഫയലിൽ ഏതൊക്കെ അങ്കണവാടികൾക്ക് വേണ്ടിയാണ് സാധനങ്ങൾ വാങ്ങുന്നത് എന്ന ആവശ്യകതനിർണ്ണയസ്റ്റേറ്റ് മെന്റ് ഇല്ല. അതുകൊണ്ട് തന്നെ സപ്ലൈഓർഡർ നൽകിയ സാധനങ്ങൾ ഏതൊക്കെ അങ്കണവാടികളിലേക്ക് നൽകേണ്ടവയായിരുന്നു എന്ന് വ്യക്തമല്ല.കൂടാതെ വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതായി കാണുന്നില്ല.ഓഡിറ്റിന് ഹാജരാക്കിയ വിതരണ സ്റ്റേറ്റ് മെന്റ് പ്രകാരം സപ്ലൈ ചെയ്ത സാധനങ്ങളുടെയും സപ്ലൈ ചെയ്യാത്ത സാധനങ്ങളുടെയും വിവരങ്ങൾ ഇപ്രകാരമാണ്.

| ക്രമനമ്പർ | സാധനം | സപ്ലൈ ഓർഡർ പ്രകാരമുള്ള എണ്ണം | സ്റ്റേറ്റ് മെന്റ് പ്രകാരം വിതരണം ചെയ്തവയുടെ എണ്ണം | സ്റ്റേറ്റ് മെന്റ് പ്രകാരം വിതരണം ചെയ്യാത്തവയുടെ എണ്ണം | യൂണിറ്റ് വില | വിതരണം ചെയ്യാത്തവയുടെ ആകെ വില |
|---|---|---|---|---|---|---|
| 1 | സ്ലൈഡർ | 19 | 9 | 10 | 6199 | 61990 |
| 2 | ടോയ് കാർ | 20 | 9 | 11 | 4242 | 46662 |
| 3 | ട്രൈ സൈക്കിൾ | 80 | 40 | 40 | 1093 | 43720 |
| | ആകെ | | | | | 152372 |
| | SGST 6% | | | | | 9142 |
| | CGST6% | | | | | 9142 |
| | ആകെ | | | | | 170656 |

ഓഡിറ്റിന് ഹാജരാക്കിയ വിതരണസ്റ്റേറ്റ്മെന്റ് പ്രകാരം താഴപ്പറയുന്ന സെന്ററുകൾക്ക് കളിക്കോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | സെന്റർ നമ്പർ | സെന്ററിന്റെ പേര് | വിതരണം ചെയ്ത കളിക്കോപ്പുകളുടെ വിവരം | | |
|---|---|---|---|---|---|
| | | | സ്ലൈഡർ | ടോയ് കാർ | ട്രൈ സൈക്കിൾ |

| | | | | | |
|---|---|---|---|---|---|
| 1 | 79 | ആറാം മൈൽ | 1 | 1 | 3 |
| 2 | 80 | പൊഴുതന ടൌൺ | 1 | 1 | 4 |
| 3 | 98 | അച്ചൂർ നാല് | 1 | 1 | 4 |
| 4 | 101 | അച്ചൂർ 16 | 1 | 1 | 6 |
| 5 | 103 | പെരുങ്കോട | 1 | 1 | 5 |
| 6 | 104 | പാറക്കുന്ന് | 1 | 1 | 5 |
| 7 | 105 | മുത്താരിക്കുന്ന് | 1 | 1 | 6 |
| 8 | 106 | കല്ലൂർ | 1 | 1 | 4 |
| 9 | 111 | ആരവല്ലിക്കുന്ന് | 1 | 1 | 3 |
| | | ആകെ | 9 | 9 | 40 |

വാങ്ങിയ സാധനങ്ങൾ പൂർണ്ണമായും വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4തീയതി 25.9.18 ക്ക് നിർവഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ സപ്ലൈ ഓർഡർ നൽകിയ സാധനങ്ങൾ 28.3.18 ന് സപ്ലൈ ചെയ്തിരുന്നു എന്നും ഗുണനിലവാരം പരിശോധിച്ച് തുക കൈമാറിയ ശേഷം കരാറുകാരൻ 10 ടോയ് കാറുകൾ തിരികെ എടുത്തുകൊണ്ടുപോയി എന്നുമാണ് അറിയിച്ചത്. അതുകൊണ്ട് തന്നെ ലഭിച്ച സാധനങ്ങൾ മുഴുവൻ വിതരണം ചെയ്തിട്ടില്ല എന്നും അറിയിച്ചു.എന്നാൽ 10 ടോയ് കാറുകളുടെ കാര്യം മാത്രമാണ് നിർവഹണോദ്യോഗസ്ഥ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്.വിതരണം ചെയ്യാത്ത 10 സ്ലൈഡറുകളും ഒരു ടോയ് കാറും 40 ട്രൈസൈക്കിളുകളും ലഭിച്ചിട്ടുണ്ടോ എന്ന് നിർവഹണോദ്യോഗസ്ഥ വ്യക്തമാക്കിയിട്ടില്ല.അവ ലഭിച്ചതായി യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വിതരണം ചെയ്യാത്ത സാധനങ്ങളുടെ വില ₹ 170656ഓഡിറ്റിൽ നിരാകരിക്കുന്നു.

കൂടാതെ സാധനങ്ങൾ തിരികെ എടുത്തുകൊണ്ടുപോയത് സംബന്ധിച്ച് രേഖാമൂലം പഞ്ചായത്തിൽ അറിയിക്കുകയോ ,വിതരണക്കാരനെതിരെ നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.അങ്കണവാടികളിൽ 29.9.18 ന് നേരിട്ട് പരിശോധന നടത്തിയതിൽ ചില അങ്കണവാടികളിൽ നൽകിയ കാറുകൾ നൽകിയപ്പോൾ തന്നെ കേടായ അവസ്ഥയിൽ ആയിരുന്നുവെന്ന് (സെന്റർ നമ്പർ-103,104) വർക്കർമാർ അറിയിച്ചു.കൂടാതെ അച്ചൂർ 13 -ാം നമ്പർ (സെന്റർ നമ്പർ100) അങ്കണവാടിയിൽ 4 സ്ലൈഡറുകൾ കൂട്ടിയിട്ടിരിക്കുന്നതും കണ്ടു.എന്നാൽ ഇവ സ്റ്റോക്കിൽ ചേർത്തിട്ടില്ല. ഭൗതികപരിശോധനയിൽ അങ്കണവാടികളിൽ നൽകിയ കളിപ്പാട്ടങ്ങളിൽ പലതും പ്രവർത്തനരഹിതമായ അവസ്ഥയിൽ ആണ് കാണപ്പെട്ടത് കരാറുകാരൻ സാധനങ്ങൾ നൽകിയപ്പോൾ എണ്ണം, ഗുണനിലവാരം എന്നിവ ഉറപ്പാക്കി സ്റ്റോക്കിൽ ചേർക്കാതെ, അങ്കണവാടികൾക്ക് വിതരണം ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയത്. ആയതിനാൽ ലഭിച്ചു എന്ന് കാണുന്ന കളിപ്പാട്ടങ്ങൾക്ക് നൽകിയ തുക ₹ 154210 (324866-170656) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 റ്റി.ആർ.ഡി.എം.ഭവനനിർമ്മാണം-പൂർണ്ണവിവരങ്ങൾ

## ഓഡിറ്റിന് ഹാജരാക്കിയില്ല.

സെക്രട്ടറി നിർവഹണം നടത്തിയ റ്റി.ആർ.ഡി.എം. പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി തൻവർഷം താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | വൌച്ചർ നമ്പർ | ഗുണഭോക്താവ് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 21700175/11.5.17 | ഗോവിന്ദൻ | 12500 |
| 2 | 21700378/4.7.17 | മാതു | 34375 |
| 3 | 21700379/4.7.17 | അണ്ണൻ | 45375 |
| 4 | 21700899/15.12.17 | അണ്ണൻ | 61250 |
| 5 | 2170330/17.3.18 | ഭരതൻ | 84000 |

പ്രോജക്ട് സംബന്ധിച്ച് വിശദവിവരങ്ങൾ നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം 17 തീയതി 28.9.18 മുഖേന ആവശ്യപ്പെട്ടുവെങ്കിലും പഞ്ചായത്ത് നൽകിയ മറുപടിയിൽ ഈ പദ്ധതി പട്ടിക വർഗ്ഗവികസന വകുപ്പ് നടത്തുന്നതാണെന്നും 110 ഗുണഭോക്താക്കൾ ആണ് പദ്ധതിയിൽ ഉള്ളതെന്നും റ്റി.ആർ.ഡി.എം സൈറ്റ് മാനേജർ അനുവദിക്കാൻ ആവശ്യപ്പെടുന്ന തുക ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കൾക്ക് നൽകുക മാത്രമാണ് സെക്രട്ടറി ചെയ്തിട്ടുള്ളത് എന്നും അറിയിച്ചു. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് പട്ടികവർഗ്ഗവികസനവകുപ്പ് ആണെന്നും രേഖകൾ റ്റി.ആർ.ഡി.എം ഓഫീസിൽ ലഭ്യമാണെന്നും അറിയിച്ചു.രേഖകളുടെ അഭാവത്തിൽ 237500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗുണഭോക്തലിസ്റ്റ് ,ഭവനനിർമ്മാണ പുരോഗതിവിവരം ,ഗുണഭോക്താക്കളെ സംബന്ധിച്ച മറ്റ് രേഖകൾ, മേൽ തുകകളുടെ വിനിയോഗം സംബന്ധിച്ച പൂർണ്ണരേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-16 പി.എം.എ.വൈ - പദ്ധതിക്കായി തുക ചെലവഴിച്ചത് - രേഖകൾ ഹാജരാക്കിയില്ല.

2017-18 വർഷത്തിൽ പി.എം.എ.വൈ പഞ്ചായത്ത് വിഹിതമായി താഴെപ്പറയുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ നമ്പർ | തീയതി | തുക | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് |
|---|---|---|---|---|
| 18/17-18 | 31.10.17 | 500000 | 56/18 | പി.ഐ.എ.വൈ, ടി.എസ്.പി |
| 19/17-18 | 31.10.17 | 100000 | 4/18 | പി.ഐ.എ.വൈ,ജനറൽ |
| 20/17-18 | 31.10.17 | 80000 | 54/18 | ഐ.എ.വൈ,എസ്.സി.പി |

പദ്ധതി നിർവ്വഹണത്തിൽ താഴെ പ്പറയുന്ന അപാകതകൾ ഉണ്ട്.

- തുക ബ്ലോക്ക് പഞ്ചായത്തിന് നൽകിയതിന്റെ രശീതുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
- തൻവർഷം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റുകൾ ലഭ്യമാക്കിയിട്ടില്ല.
- ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച ലിസ്റ്റുകളിൽ എഗ്രിമെന്റ് വെച്ചവരുടെ ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.
- തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എത്ര തുക വീതം ഗ്രാമപഞ്ചായത്ത് വിഹിതം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുക. രേഖകളുടെ അഭാവത്തിൽ 6801000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

  ഓഡിറ്റ് എൻക്വയറി നം 8 തീയതി 25.9.18പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.തുകയുടെ വിനിയോഗവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-17 മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്തില്ല

2017-18 സാമ്പത്തിക വർഷം സുഗന്ധഗിരി വൃന്ദാവൻ അങ്കണവാടിയിൽ മരങ്ങൾ മുറിച്ചുമാറ്റിയതിന് വൌച്ചർ നമ്പർ-21700883/6.12.17 പ്രകാരം 10000/രൂപ ചെലവ് ചെയ്തു.

മുറിച്ചുമാറ്റിയ മരങ്ങൾ എന്തുചെയ്തു എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 18തീയതി 25.9.18 പ്രകാരം അന്വേഷിച്ചതിന് നൽകിയ മറുപടിയിൽ അങ്കണവാടിക്ക് ഭീഷണിയായതിനാലാണ് മരങ്ങൾ മുറിച്ചുമാറ്റിയത് എന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ മുറിച്ചുമാറ്റിയ മരങ്ങൾ മൂല്യം ഉള്ളവയാണോ ,എന്തു ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല.മരങ്ങൾ ലേലം ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ജലനിധി പദ്ധതി-പൂർത്തീകരിച്ചില്ല.

പൊഴുതന ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി 2013 ഫെബ്രുവരിയിൽ ആരംഭിച്ചതാണ്.എഗ്രിമെന്റ് പ്രകാരം 2016 ഫെബ്രുവരിയിൽ പദ്ധതി പൂർത്തീകരിക്കേണ്ടതായിരുന്നു. സഹായസംഘടന ആയി നിർണ്ണയിച്ചത് ആർഷഭാരത് എന്ന സംഘടന ആയിരുന്നു. സഹായസംഘടനയുടെ പ്രവർത്തനങ്ങൾ

മന്ദഗതിയിലായതിനാലും പലവിധസാങ്കേതികതടസ്സങ്ങളാലും പദ്ധതി ഇതുവരെ പൂർത്തീകരിച്ചില്ല. 17 കുടിവെള്ളപദ്ധതികൾ ആയിരുന്നു ഈ പദ്ധതിയിൽ വിഭാവനം ചെയ്തത്. ഇതിൽ 14 പദ്ധതികൾ മാത്രമാണ് നാളിതുവരെ കമ്മീഷൻ ചെയ്തത്. നിലവിൽ പല പദ്ധതികളുടെയും പൈപ്പ് ലൈനുകൾ, ചെക്ക് ഡാമുകൾ എന്നിവ ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയിൽ തകർന്ന അവസ്ഥയിലാണുള്ളത്.

ജലനിധിപദ്ധതിയിൽ 2017-18 വർഷം താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട് .

| ക്രമനമ്പർ | വൌച്ചർ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 1 | 21700276/7.6.17 | 936772 | സുഗന്ധഗിരി SLEC ക്ക് കൈമാറിയത് |
| 2 | 21700708/28.10.17 | 99127 | ആനോത്ത് SLEC ക്ക് കൈമാറിയത് |
| 3 | 21700709/28.10.17 | 2023 | ആനോത്ത് SLEC-TDS വിഹിതം |
| 4 | 21700827/23.11.17 | 275953 | ആർഷഭാരതിന് നൽകിയിത് |
| 5 | 21700279/12.6.17 | 19118 | സുഗന്ധഗിരി SLEC-TDS വിഹിതം |
| 6 | 21700877/5.12.17 | 1212162 | ആർഷഭാരതിന് നൽകിയിത് |
| 7 | 21700878/5.12.17 | 932395 | പള്ളിക്കുന്ന് SLEC ക്ക് കൈമാറിയത് |
| 8 | 21700879/6.12.17 | 19028 | TDS വിഹിതം |
| 9 | 21700880/6.12.17 | 24738 | TDS വിഹിതം |
| 10 | 21700997/10.1.18 | 841693 | മുത്താറിക്കുന്ന് സ്കീം SLEC ക്ക് കൈമാറിയത് |
| 11 | 21700998/10.1.18 | 17177 | TDS വിഹിതം |

താഴെപ്പറയുന്ന പദ്ധതികൾ ഇനിയും പൂർത്തീകരിക്കാനുണ്ട്.

| ക്രമനമ്പർ | പദ്ധതിയുടെ പേര് | നാളിതുവരെ ചെലവഴിച്ച തുക |
|---|---|---|
| 1 | പള്ളിക്കുന്ന് SLEC | 2800927 |
| 2 | സുഗന്ധഗിരി SLEC | 5941073 |
| 3 | സുഗന്ധഗിരി പത്താംനമ്പർ SLEC | 1067757 |

പൂർത്തീകരിക്കാനുള്ള മുഴുവൻ പദ്ധതികളും പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-19 തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് തുക നൽകി-പ്രവൃത്തി പൂർത്തീകരിച്ചില്ല

2017-18 സാമ്പത്തിക വർഷം തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനുമായി താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കി .

1.പ്രോജക്ട് നമ്പർ- 65/18

പ്രോജക്ട് -തെരുവുവിളക്കുകൾ സ്ഥാപിക്കലും റിപ്പയറും

ചെലവഴിച്ച തുക-197200

ട്രഷറി ബിൽ നമ്പർ-34/26.3.18പ്രകാരം വികസനഫണ്ട്-197200 രൂപ ചെലവഴിച്ച് ടെണ്ടർ പ്രകാരം ഫീനിക്സ് ഇലക്ട്രോണിക്സിൽ നിന്ന് 58 .L.E.D സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 49എണ്ണം മാത്രമാണ് വിതരണം ചെയ്തതായി കാണുന്നത്.വിതരണം ചെയ്തവ തന്നെ കൈപ്പറ്റിയത് വാർഡ് മെമ്പർമാരും ശ്രീ.ഷംസുദ്ധീൻ എന്നയാളുമാണ്. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച യാതൊരു വിവരങ്ങളും ഫയലിൽ ഇല്ല.സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യുന്നത് സംബന്ധിച്ച് കരാർ വെച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9തീയതി 25.9.18 ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ കാലവർഷക്കെടുതി നേരിട്ടതിനാലാണ് മുഴുവൻ പ്രവർത്തിയും പൂർത്തീകരിക്കാൻ കഴിയാത്തത് എന്നും പൂർത്തീകരിച്ച ശേഷം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 197200 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.പ്രോജക്ട് നമ്പർ-102/18

പ്രോജക്ട് -തെരുവുവിളക്കുകളുടെ റിപ്പയർ

ചെലവഴിച്ച തുക- 32800

ട്രഷറി ബിൽ നമ്പർ -35/26.3.18 പ്രകാരം വികസനഫണ്ട്-32800രൂപ ചെലവഴിച്ച് ടെണ്ടർ പ്രകാരം ഫീനിക്സ് ഇലക്ട്രോണിക്സിൽ നിന്ന് സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് സാധനങ്ങൾ വാങ്ങി .എന്നാൽ എത്ര വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് സാധനങ്ങൾ വാങ്ങിയത് എന്ന് വ്യക്തമല്ല.കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റ് ഇല്ലാതെയാണ് സാധനങ്ങൾ വാങ്ങിയത്.എസ്റ്റിമേറ്റ് തയ്യാറാക്കാതെ സാധനങ്ങൾ വാങ്ങിയത് അംഗീകരിക്കാനാവില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്ത് കൈമാറിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങളിൽ എത്ര വിനിയോഗിച്ചുവെന്ന വിവരങ്ങളും പദ്ധതി നടത്തിപ്പിന്റെ വിവരങ്ങളും ലഭ്യമല്ല. വിളക്കുകൾ റിപ്പയർ ചെയ്തത് സംബന്ധിച്ച കെ.എസ്.ഇ.ബി.യുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 9 തീയതി 25.9.18 ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ കാലവർഷക്കെടുതി നേരിട്ടതിനാലാണ് മുഴുവൻ പ്രവർത്തിയും

പൂർത്തീകരിക്കാൻ കഴിയാത്തത് എന്നും പൂർത്തീകരിച്ച ശേഷം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷം എഗ്രിമെന്റ് നമ്പർ-14/18-19/28.9.18 പ്രകാരം ശ്രീ.ഷംസുദ്ധീനമായി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 32800/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുതിൽ അപാകത

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(iv)പ്രകാരം ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി കമ്മിറ്റി പൊതുജനാരോഗ്യ, ശുചീകരണ, ശുദ്ധജലവിതരണം (കുടിവെള്ളം), അഴുക്കുചാൽ, പരിസ്ഥിതി, വിദ്യഭ്യാസം, കലയും സംസ്കാരവും വിനോദവും എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് ആരോഗ്യം , കുടിവെള്ളം , ശുചിത്വം, വിദ്യഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം, എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്

എന്നാൽ ഈ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിലും ഡാറ്റ ശേഖരിച്ച്, പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നതിലും ശ്രദ്ധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ യഥാവിധി യോഗം ചേർന്നിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 78000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 78000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 234000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 234000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 48000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 48000 | 0 |

വാർഷിക കണക്കുകളിൽ ആർ.പി.-31 ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വരവ് എടുത്തിട്ടില്ല. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച മുഴുവൻ തുകയും വരവ് വന്നിട്ടില്ല. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയും നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്തിൽ ലഭ്യമാക്കിയ വിവരം നീക്കിയിരിപ്പില്ല എന്നാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോജക്റ്റ് നമ്പർ-134/18 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 200000 | 134425 | 65575 |

## 4-3 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| സമ്പൂർണ്ണഭവന വായ്പ | 83/13 dtd 11/03/13 | 23500000 | 14474932 | 2495151 | 2800000 | 13979781 |

# 4-4 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10507.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2016-17 ഖണ്ഡിക 2-6 | 1243 | എൻ.കെ.അബ്ദുള്ള | 117010101242 |
| 2017-18 | 2016-17 ഖണ്ഡിക 2-6 | 318 | നൌഷാദ് ,കോപ്പിലാക്കൽ | 117010101690/24.11.2017 |
| 2017-18 | 2016-17 ഖണ്ഡിക 2-6 | 325 | കുഞ്ഞയമു ,പടിപ്പുര | 117010101698 |
| 2017-18 | 2016-17 ഖണ്ഡിക 2-6 | 628 | ഹംസ ,കുളത്തിങ്കൽ | 117010101701 |
| 2017-18 | 2016-17 ഖണ്ഡിക 2-6 | 143 | ജമീല ,തവയിൽ | 117010101909 |
| 2017-18 | 2016-17 ഖണ്ഡിക 2-6 | 1395 | മോഹനൻ ,കോതോലിൽ | 117010101719 |

| | | | | |
|---|---|---|---|---|
| 2017-18 | 2016-17<br>ഖണ്ഡിക<br>2-6 | 1386 | മുഹമ്മദ് ,ചെമ്പൻ | 117010101736 |
| 2017-18 | 2016-17<br>ഖണ്ഡിക<br>2-6 | 370 | നബീസ | 117010101750 |
| 2017-18 | 2016-17<br>ഖണ്ഡിക<br>2-6 | 153 | മുഹമ്മദ് ഇക്ബാൽ | 117010101804 |
| 2017-18 | 2016-17<br>ഖണ്ഡിക<br>2-6 | 493 | ലൈല | 117010101809 |
| 2017-18 | 2016-17<br>ഖണ്ഡിക<br>2-6 | 1255 | ജാബിറലി | 117010101815 |
| 2017-18 | 2016-17<br>ഖണ്ഡിക<br>2-6 | 2621 | കെ.സി.മമ്മു | 117010103023 |
| 2017-18 | 2016-17<br>ഖണ്ഡിക<br>2-6 | 177 | ആമിന ,<br>കരിയാട്ടുപൊയിൽ | 117010103024 |

## 4-5 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | 2.2 | തൊഴിൽനികുതി അപാകങ്ങൾ | നടപടി സ്വീകരിച്ചിട്ടില്ല |

## 4-6 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 109656402 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 88527365 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 170656 |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | : | 2184226 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-14 | | 170656 | ശ്രീമതി.ഹഫസ .സി.കെ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 382575 | ശ്രീ.വി.ജി.ബിജു,അസി.എഞ്ചിനീയർ |
| 3-7 | 449018 | ശ്രീ.വി.ജി.ബിജു,അസി.എഞ്ചിനീയർ |
| 3-13 | 50923 | ശ്രീ.ശ്രീനാഥ് ,ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-14 | 154210 | ശ്രീമതി.ഹഫസ .സി.കെ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-15 | 237500 | സി.പി.പ്രദീപൻ ,സെക്രട്ടറി |
| 3-16 | 680000 | സി.പി.പ്രദീപൻ ,സെക്രട്ടറി |
| 3-19 | 230000 | സി.പി.പ്രദീപൻ ,സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 2184226 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഹഫസ .സി.കെ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | - | മരുതുള്ളതിൽ വീട് വലിയപറമ്പ് .പി.ഒ കൊടുവള്ളി വഴി കോഴിക്കോട്. |

## 4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1994-95 | LF(W)p1-246/05 dtd 30.1.05 |
| 1995-96 | LF(W)P1-58/10(2),dt.11.1.10 |
| 1996-97 | LF(W)p3-16/00 dtd 9.11.04 |
| 1996-97 Plan | LF(W)p3-859/99 dtd 31.12.99 |
| 1999-00 | LF(W)P1-668/01,dt.3.5.18 |
| 2000-01 | LF(W)P1-373/16,dt.3.5.18 |
| 2002-03 | LF(W)P1-708/06,,dt.3.5.18 |
| 2004-05 | LF(W)P1-58/10,dt.11.1.10 |
| 2005-06 | LF(W)P1-58/10,dt.11.1.10 |
| 2006 -07 | LF(W) P1-687/11 dt.21.6.12 |
| 2007-08 | Lf(W) P1- 945/12 dt. 25.3.12 |

| | |
|---|---|
| 2008-09 | LF(W)P1-636/12 dt.17.1.13 |
| 2009-10 | LF(W)P1-787/12 dt. 15.12.2012. |
| 2010-11 | LF(W) P1-904/12 Dt.21.4.15 |
| 2011-12 | LF(F)P1-763/13 dt. 18.12.14 |
| 2012-13 | LF(F)P1/101/15 dt. 30.6.15 |
| 2013-14 | LF(F)P1/ 122/16 dt. 25.3.17 |
| 2014-15 | KSAWYDP1-471/16/DT : 25.3.18 |
| 2015-16 | KSAWYDP1- 16/2017 dtd 15.3.18 |
| 2016-17 | KSAWYDP1- 606/2017 dtd 11.10.17 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം- 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 കേരള പഞ്ചായത്ത് രാജ് നിയമം 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിനിബന്ധനകൾ പ്രകാരവും വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ പത്രികയിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക വാർഷിക കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# <u>അനുബന്ധം - 2</u>

## <u>വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ</u>

# 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങളും, അക്കൌണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല .

2. ബാങ്ക് ബുക്കുകളുമായി ബാങ്ക് പാസ്സ് ബുക്കുകൾ കൃത്യമായി റീകൺസീലിയേഷൻ നടത്തിയിട്ടില്ല .

ഉദാ. വൈത്തിരി സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലി. 3576 . റീകൺസീലിയേഷനിൽ directly credited by bank എന്നതിൽ ആകെ 1,22,047 രൂപയും , directly debited by bank എന്നതിൽ 17858 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. Cheque issued but not presented into the bank ആയും , Cheque deposited but not collected from bank ആയും കാണിച്ചിട്ടുള്ള പല ചെക്കുകളുടെയും ഇൻസ്ട്രുമെന്റ് നമ്പറും, തീയതിയും രേഖപ്പെടുത്തിയിട്ടില്ല. മേൽപറഞ്ഞവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികം കാലാവധി കഴിഞ്ഞ encash ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. (ഉദാ മേൽ പറഞ്ഞ ബാങ്ക് അക്കൌണ്ടിന്റെ 589995/10.6.2016 , 2050/- രൂപ )

3. വസ്തുനികുതി രജിസ്റ്റർ, വസ്തുനികുതി കുടിശ്ശിക രജിസ്റ്റർ, ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4. ഡി & ഒ ലൈസൻസ് രജിസ്റ്റർ, വാടക രജിസ്റ്റർ, സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ എന്നിവ പൂർണ്ണമല്ലാത്തതിനാൽ വരവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .

5. തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല .

6 . ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല .

7. 2016 -17 AFS - ൽ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ആകെ ഡെപ്പോസിറ്റ് 9,97,826 രൂപയാണ്. എന്നാൽ തൻവർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 10,26,680 /- രൂപയാണ്.

8. 2016 -17 AFS - ൽ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ആകെ അഡ്വാൻസ് 52,200രൂപയാണ്. എന്നാൽ തൻവർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 10000/- രൂപയാണ് .

9. അസറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

10.പഞ്ചായത്ത് തിരിച്ചടക്കുവാൻ ബാക്കിയുള്ളതായി ലോൺ രജിസ്റ്ററിലും വാർഷികകണക്കിലും കാണിച്ചിരിക്കുന്ന തുകകൾ പൊരുത്തപ്പെടുന്നില്ല.

11(a) ബാലൻസ് ഷീറ്റ് B2 ഷെഡ്യൂളിൽ പഞ്ചായത്ത് ദുരിതാശ്വാസനിധി ബാധ്യതയായി കാണിച്ചിരിക്കുന്നത് 44,322/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരം പ്രസ്തുത ഇനത്തിലെ ബാങ്കിലെ നീക്കിയിരിപ്പ് 24,322/- രൂപയാണ് .

(b) ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂളിൽ ഉൾപ്പെട്ട താഴെ പറയുന്ന അക്കൌണ്ടുകളിലെ നീക്കിയിരിപ്പുകൾ Receipt & Payment സ്റ്റേറ്റ്മെന്റ് RP 40 b ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല .

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | തുക |
|---|---|---|
| 1 | 450210101,SBI kunnathidavaka , 36878162626 | 1,86,471 |
| 2 | 450220101, SMGB , 7029 | 76,54,400 |
| 3 | 450220109, Scheduled Bank own fund _9 | 12019 |
| 4 | 450230101, Vythiri service coperative Bank ltd 3576 | 282888 |

(c)ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ /സംയുക്ത പ്രോജക്റ്റിനുള്ള (B4 ഷെഡ്യൂൾ) തുകകൾക്ക് എല്ലാത്തിനും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ഇല്ല. തനത്/മറ്റ് ഫണ്ടുകളോടോപ്പം നിക്ഷേപിച്ചിട്ടുള്ള സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഈ തുകകൾ ഏതൊക്കെ അക്കൌണ്ടുകളിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തവുമല്ല.

12 . ഇൻകം & എക്സ്പെൻിച്ചർ I-18 ഷെഡ്യൂളിൽ 1,82,973 രൂപ prior period income / other income എന്ന ഹെഡിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് സാധൂകരിക്കാൻ ആവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .

13. പഞ്ചായത്തിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് പല നിർവഹണ ഉദ്യോഗസ്ഥരും നിസബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല .

( ഉദാ . കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ ഹോമിയോ )

14. പദ്ധതി നിർവഹണത്തിന് നിർവഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല ( ഈ അക്കൌണ്ടുകൾ സാംഖ്യയിൽ ഉൾപ്പെടുത്തിയിച്ചില്ല ).

( ഉദാ . 1.വി . ഇ .ഒ - a/c no . 40229110100016 (KGB) - നീ ക്കിയരിപ്പ് തുക - 25,499/-

2. വെറ്ററിനറി സർജൻ - a/c no . 358101073060 ( canara bank ) - നീ ക്കിയരിപ്പ് തുക

- 53665/- ) .

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.